ബിലീവേഴ്സ്

ക്രൈസ്തവ ദ്വൈവാരിക

ജേണൽ

2026 സെപ്റ്റംബർ 25

VOL:19 ISSUE: 04 RNI.NO.KERMAL/2008/26530 Pages: 26

ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ കേരളാ സ്റ്റേറ്റ് 104-ാമത് ജനറൽ കൺവൻഷൻ

2027 ജനുവരി 18 - 24 വരെ മുളക്കുഴയിൽ

മുളക്കുഴ: ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ കേരളാ സ്റ്റേറ്റ് 104-ാമത് ജനറൽ കൺവൻഷൻ 2027 ജനുവരി 18 തിങ്കൾ മുതൽ 24 ഞായർ വരെ പുതിയതായി വാങ്ങിയ മുളക്കുഴ മൗണ്ട് സയോൺ കൺവൻഷൻ സ്റ്റേഡിയത്തിൽ നടക്കും.

ജനറൽ കൺവൻഷന്റെ പ്രഥമ ആലോചന യോഗം 2026 സെപ്റ്റംബർ 22-ാം തിയതി മുളക്കുഴ മൗണ്ട് സിയോൻ ബൈബിൾ കോളേജ് ഓഡിറ്റോറിയത്തിൽ നടന്നു. അസിസ്റ്റന്റ് ഓവർസിയർ ഡോ. ഷിബു കെ. മാത്യുവിന്റെ അദ്ധ്യക്ഷതയിൽ കൂടിയ ആലോചനാ യോഗത്തിൽ സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ വൈ. റെജി മുഖ്യസന്ദേശം നല്കി. ആവർത്തനപുസ്തകം 33: 26,27 വാക്യങ്ങളെ ആധാരമാക്കി "പ്രശ്നങ്ങളുടെ നടുവിൽ തളർന്ന് പോകാതെ നില്ക്കണം എന്നും തളരാതെ നിർത്തുന്ന ദൈവം നമുക്കുണ്ട്" എന്നുള്ള ശക്തമായ ദൂത് നല്കുകയും ചെയ്തു.



പാസ്റ്റർ സി. സി. തോമസ്



പാസ്റ്റർ വൈ. റെജി



ഡോ. ഷിബു കെ. മാത്യു

യോഗത്തിൽ പാസ്റ്റർ ജേക്കബ് തോമസിനെ ദൈവസഭ സ്റ്റേറ്റ് സെക്രട്ടറിയായി സ്റ്റേറ്റ് ഓവർസിയർ ചുമതലപ്പെടുത്തുകയും ചെയ്തു. പാസ്റ്റർ സജി ജോർജ്, പാസ്റ്റർ വൈ. മോനി, പാസ്റ്റർ ഷിജു മത്തായി എന്നിവർ പ്രാർത്ഥനയ്ക്ക് നേതൃത്വം നല്കുകയും പാസ്റ്റർ സജി എബ്രഹാം സങ്കീർത്തനം വായിക്കുകയും ചെയ്തു. പാസ്റ്റർ ജേക്കബ് തോമസ് സ്വാഗതവും ബ്രദർ ജോസഫ് മറ്റത്തുകാല നന്ദിയും പ്രകാശിപ്പിച്ചു.

കൺവൻഷന്റെ ക്രമീകരണങ്ങൾ സമ്മേളനം വിലയിരുത്തുകയും പുതിയതായി മുളക്കുഴയിൽ വാങ്ങിയ സ്ഥലത്ത് കൺവൻഷൻ ഗ്രൗണ്ടിന്റെ നിർമ്മാണത്തിന് ഏഴംഗ സമിതിയെ ചുമതലപ്പെടുത്തുകയും ചെയ്തു. സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ വൈ. റെജി ചെയർമാനായുള്ള സമിതിയിൽ അസ്സിസ്റ്റന്റ് ഓവർസിയർ ഡോ. ഷിബു കെ. മാത്യു, സ്റ്റേറ്റ് സെക്രട്ടറി പാസ്റ്റർ ജേക്കബ് തോമസ്, ഫീൽഡ് സെക്രട്ടറി പാസ്റ്റർ വൈ. മോനി, പാസ്റ്റർ ജോർജ് എബ്രഹാം, ബിലീവേഴ്സ് ബോർഡ് സംസ്ഥാന സെക്രട്ടി ബ്രദർ ജോസഫ് മറ്റത്തുക്കാല, ബ്രദർ ജേക്കബ് ഇട്ടി എന്നിവരാണ് സമിതി അംഗങ്ങൾ.

വിവിധ ഡിപ്പാർട്ട്മെന്റിലും, സെന്ററിലും ചുമതല വഹിക്കുന്നവരും പ്രാദേശിക സഭാ ശുശ്രൂഷകന്മാരും വിശ്വാസികളും ഓഫീസ് സ്റ്റാഫുകളും യോഗത്തിൽ സന്നിഹിതരായിരുന്നു.



ജയിൽ ഡിജിപി ആയിരുന്ന ടോമിൻ കച്ചങ്കരിയെ ജയിലിൽ അടച്ചു.


- വാർത്ത

തട്ടിപ്പുകാർക്ക് ഇത് കഷ്ടകാലം ആണെന്ന് തോന്നുന്നു.

ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ പുതിയ ഭരണസമിതിയെ തിരഞ്ഞെടുത്തു



പാസ്റ്റർ വി ജെ തോമസ്



പാസ്റ്റർ എം ഡി സാമുവേൽ



പാസ്റ്റർ റോയ് ചെറിയാൻ



പാസ്റ്റർ ജോൺ വി ജേക്കബ്



പാസ്റ്റർ പി വി ചെറിയാൻ



ബ്രദർ ജേക്കബ് വർഗീസ്

തിരുവല്ല: ശാരോൻ ഫെല്ലോഷിപ്പ് ചർച്ചിന്റെ പുതിയ ഭരണസമിതിയെ തിരഞ്ഞെടുത്തു. തിരുവല്ല ഹെഡ് ഓഫീസിൽ നടന്ന ജനറൽ ബോഡിയിലാണ് പുതിയ നേതൃത്വത്തെ തിരഞ്ഞെടുത്തത്. പാസ്റ്റർ വി. ജെ. തോമസ് (ജനറൽ പ്രസിഡന്റ്), പാസ്റ്റർ എം. ഡി. സാമുവേൽ, പാസ്റ്റർ റോയ് ചെറിയാൻ (വൈസ് പ്രസി

22





ബ്രദർ രാജൻ
ആര്യപ്പള്ളിൽ
ചെയർമാൻ

കേരളം എങ്ങോട്ട്

ഉയർന്ന സാക്ഷരതയും സാമൂഹിക വികസനവും മനുഷ്യവികസനത്തിലെ നേട്ടങ്ങളും കൊണ്ട് ഇന്ത്യയിൽ വ്യത്യസ്തമായ സ്ഥാനം നേടിയ സംസ്ഥാനമാണ് കേരളം. എന്നാൽ ഈ നേട്ടങ്ങൾക്കിടയിൽ സമൂഹത്തിന്റെ സുരക്ഷിതത്വബോധത്തെ ചോദ്യം ചെയ്യുന്ന ചില പ്രവണതകൾ ശക്തമായി ചർച്ച ചെയ്യപ്പെടുന്നു. കൊലപാതകങ്ങൾ, ആത്മഹത്യകൾ, സാമ്പത്തിക തട്ടിപ്പുകൾ, സൈബർ കുറ്റകൃത്യങ്ങൾ എന്നിവ കേവലം പോലീസ് രേഖകളിലെ കണക്കുകളല്ല; അവ കേരളീയ സമൂഹത്തിന്റെ സാമൂഹിക ബന്ധങ്ങളിലും മാനസികാരോഗ്യത്തിലും മൂല്യബോധത്തിലും സംഭവിക്കുന്ന മാറ്റങ്ങളെക്കുറിച്ചുള്ള ഗൗരവമുള്ള ചോദ്യങ്ങളാണ്. ഒരു കാര്യം വ്യക്തമാണ്: കേരളിയരുടെയും കുറ്റകൃത്യങ്ങളുടെയും സ്വഭാവം മാറുകയാണ്. തെരുവുകളിലെ കുറ്റകൃത്യങ്ങൾക്കൊപ്പം മൊബൈൽ ഫോണിലൂടെയും സാമൂഹികമാധ്യമങ്ങളിലൂടെയും ബാങ്കിങ് സംവിധാനങ്ങളിലൂടെയും നടക്കുന്ന വഞ്ചനകളും സമൂഹത്തിന് പുതിയ വെല്ലുവിളിയായി മാറുന്നു.

കുറ്റകൃത്യങ്ങൾ പെരുകുന്നതിനോടൊപ്പം ആത്മഹത്യ ചെയ്യുന്നവരുടെയും എണ്ണം അനുദിനം വർദ്ധിക്കുകയാണ്. ആത്മഹത്യാ മരണങ്ങളും അതീവ ഗൗരവത്തോടെ കാണേണ്ട വിഷയമാണ്. ഇവിടെ ഏറ്റവും പ്രധാനപ്പെട്ട ചോദ്യം കണക്കുകളുടെ വലുപ്പം മാത്രമല്ല ഒരു മനുഷ്യൻ പ്രതീക്ഷ നഷ്ടപ്പെടുന്ന അവസ്ഥയിലേക്ക് എങ്ങനെ എത്തുന്നു? എന്നതാണ്. സാമ്പത്തിക പ്രതിസന്ധി, കുടുംബപ്രശ്നങ്ങൾ, ബന്ധങ്ങളിലെ തകർച്ച, സാമൂഹിക സമ്മർദ്ദം, ഏകാന്തത, ലഹരി ഉപയോഗം, വിദ്യാഭ്യാസ തൊഴിൽ സമ്മർദ്ദങ്ങൾ തുടങ്ങി പല ഘടകങ്ങളും വ്യക്തിയുടെ ജീവിതത്തിൽ പ്രതിസന്ധി സൃഷ്ടിച്ചേക്കാം. അതിനാൽ ആത്മഹത്യയെ ഒരു കാരണത്തിലേക്ക് ചുരുക്കുന്നത് ശാസ്ത്രീയമല്ല.

കൊലപാതകം ഒരു വ്യക്തിയുടെ ജീവൻ നഷ്ടപ്പെടുന്നതിൽ അവസാനിക്കുന്നില്ല. അതിന്റെ ആഘാതം കുടുംബങ്ങളിലേക്കും സുഹൃത്തുക്കളിലേക്കും സമൂഹത്തിലേക്കും വ്യാപിക്കുന്നു. ലഹരി ഉപയോഗം, കുടുംബസംഘർഷങ്ങൾ, സാമ്പത്തിക സമ്മർദ്ദങ്ങൾ, വ്യക്തിവൈരങ്ങൾ, രാഷ്ട്രീയസാമൂഹിക സംഘർഷങ്ങൾ, നിയന്ത്രണമില്ലാത്ത കോപം തുടങ്ങിയ വിവിധ ഘടകങ്ങൾ ചില കുറ്റകൃത്യങ്ങളുടെ പശ്ചാത്തലത്തിൽ പ്രത്യക്ഷപ്പെടുന്നു.

തട്ടിപ്പുകൾക്ക് പുതിയ മാനവും രൂപവും കൈവന്നിരിക്കുന്നു. ഒരു കാലത്ത് തട്ടിപ്പ് എന്നത് നേരിട്ടുള്ള വഞ്ചനയായിരുന്നു. ഇന്ന് അത് സാങ്കേതികവിദ്യയുടെ വേഗതയ്ക്കൊപ്പം രൂപംമാറ്റിയിരിക്കുന്നു. വ്യാജ നിക്ഷേപപദ്ധതികൾ, ഓൺലൈൻ ജോലി വാഗ്ദാനങ്ങൾ, വ്യാജ ബാങ്ക് സന്ദേശങ്ങൾ, ഫിഷിങ്, വ്യാജ സാമൂഹികമാധ്യമ അക്കൗണ്ടുകൾ തുടങ്ങിയവ സാധാരണക്കാരെ ലക്ഷ്യമിടുന്നു. കേരള പോലീസിന്റെ സൈബർ സുരക്ഷാ രേഖകളിലും വിവിധ രീതികൾ ചൂണ്ടിക്കാണിക്കുന്നുണ്ട്. ഇവിടെ നിയമ നടപടിയോടൊപ്പം ഡിജിറ്റൽ സാക്ഷരതയും സാമ്പത്തിക ജാഗ്രതയും അനിവാര്യമാണ്. സാങ്കേതികവിദ്യ ഉപയോഗിക്കുന്ന ഓരോ വ്യക്തിയും അടിസ്ഥാന സൈബർ സുരക്ഷയെക്കുറിച്ച് അറിഞ്ഞിരിക്കേണ്ട കാലമാണിത്. വിവരങ്ങൾ ആവശ്യപ്പെടുന്ന ഫോൺകോളുകൾ എന്നിവയോട് ജാഗ്രത പുലർത്തണം. സാമ്പത്തിക ഇടപാടുകളിൽ ചെറിയൊരു അശ്രദ്ധ പോലും വലിയ നഷ്ടത്തിലേക്ക് നയിക്കാം.

ഇത് പരിഹരിക്കാൻ നിയമം മാത്രം മതിയാകുമോ? കുറ്റകൃത്യം നടന്നശേഷം നിയമം ശക്തമായി പ്രവർത്തിക്കണം. എന്നാൽ കുറ്റകൃത്യം സംഭവിക്കുന്നതിന് മുമ്പുള്ള പ്രതിരോധമാണ് ദീർഘകാല പരിഹാരത്തിന്റെ പ്രധാന ഭാഗം. അതിനു വേണ്ടി കുടുംബബന്ധങ്ങളുടെ ശക്തീകരണം, കുട്ടികളുടെയും യുവാക്കളുടെയും മാനസികാരോഗ്യ സംരക്ഷണം, ലഹരിക്കെതിരായ സാമൂഹിക ഇടപെടൽ, ഡിജിറ്റൽ സാക്ഷരത, സാമ്പത്തിക വിദ്യാഭ്യാസം, അയൽക്കൂട്ടങ്ങളുടെയും പ്രാദേശിക സമൂഹങ്ങളുടെയും കൂട്ടായ ഇടപെടൽ എന്നിവ കൂടുതൽ ശക്തിപ്പെടുത്തണം.

കേരളം ചിന്തക്കേണ്ട ഓർക്കേണ്ട കാര്യങ്ങൾ ഉണ്ട്. നാം സാമ്പത്തികമായി വളരുമ്പോൾ സാമൂഹികമായി കൂടുതൽ ഒറ്റപ്പെടുകയാണോ?. വിദ്യാഭ്യാസം വർധിക്കുമ്പോഴും ജീവിതമൂല്യങ്ങളും പരസ്പര കരുതലും കുറയുന്നുണ്ടോ?. സാങ്കേതിക വിദ്യ മനുഷ്യരെ തമ്മിൽ ബന്ധിപ്പിക്കുന്നതിനൊപ്പം അവരെ കൂടുതൽ എളുപ്പത്തിൽ വഞ്ചിക്കപ്പെടുന്നവരാക്കുന്നുണ്ടോ? കുടുംബവും മത സാമൂഹിക സ്ഥാപനങ്ങളും യുവതലമുറയുടെ യഥാർത്ഥ പ്രശ്നങ്ങൾ കേൾക്കാൻ മതിയായ സമയം കണ്ടെത്തുന്നുണ്ടോ?

ഒരു സംസ്ഥാനത്തിന്റെ പുരോഗതി പുതിയ കെട്ടിടങ്ങളുടെയും റോഡുകളുടെയും സാങ്കേതികവിദ്യയുടെയും എണ്ണത്തിൽ മാത്രം അളക്കാനാവില്ല. ഒരു മനുഷ്യൻ എത്രത്തോളം സുരക്ഷിതമായി ജീവിക്കുന്നു, ഒരു കുടുംബം എത്രത്തോളം കരുത്തോടെ നിലകൊള്ളുന്നു, ഒരു യുവാവ് എത്രത്തോളം പ്രതീക്ഷയോടെ ഭാവിയെ കാണുന്നു,

22

ക്രൈസ്തവ ദ്വൈവാരിക
ജേണൽ
2026 സെപ്റ്റംബർ 25

Cover Story
കവർ സ്റ്റോറി

പശ്ചിമേഷ്യൻ സംഘർഷവും പ്രത്യാഘാതങ്ങളും

ഷൈജു തോമസ് ഞാറയ്ക്കൽ

ഇരുപത്തിയൊന്നാം നൂറ്റാണ്ടിലും മനുഷ്യരാശിയെ അഭിമുഖീകരിക്കുന്ന ഏറ്റവും ഗുരുതരമായ യാഥാർത്ഥ്യങ്ങളിൽ ഒന്നാണ് യുദ്ധം. ആധുനിക ലോകത്തിന് മുമ്പെങ്ങുമില്ലാത്ത സാങ്കേതികവിദ്യയും സാമ്പത്തിക ശേഷിയും നയതന്ത്ര സംവിധാനങ്ങളും ഉണ്ടായിട്ടും, ആയുധസംഘർഷങ്ങൾ ഇപ്പോഴും സജീവമായി തുടരുന്നു. യുദ്ധങ്ങൾ മനുഷ്യജീവൻ നഷ്ടപ്പെടുത്തുന്നതോടൊപ്പം കുടുംബങ്ങളെ തകർക്കുകയും ജനങ്ങളെ അഭയാർത്ഥികളാക്കുകയും സമ്പദ്‌വ്യവസ്ഥയെ തകർക്കുകയും ആരോഗ്യ സംവിധാനങ്ങളെ ദുർബലപ്പെടുത്തുകയും ഭക്ഷ്യക്ഷാമം വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ഇന്നത്തെ എല്ലാ യുദ്ധങ്ങളും ഒരുപോലെയല്ല. ചിലത് രാജ്യങ്ങൾ തമ്മിലുള്ള യുദ്ധങ്ങളാണ്. മറ്റു ചിലത് ആഭ്യന്തരയുദ്ധങ്ങളോ കലാപങ്ങളോ സർക്കാരുകളും ആയുധസംഘടനകളും തമ്മിലുള്ള സംഘർഷങ്ങളോ ആണ്. യുക്രൈനിലും, സുഡാനിലും, യിസ്രായേൽ പലസ്തീൻ സംഘർഷവും തുടങ്ങി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ അരങ്ങേറുന്ന യുദ്ധങ്ങളും ആഭ്യന്തര കലാപവും സാധാരണക്കാരുടെ ജീവിതം ദുസ്സഹമാക്കുന്നു. ഈ സംഘർഷങ്ങൾക്ക് ഓരോന്നിനും വ്യത്യസ്തമായ ചരിത്രവും രാഷ്ട്രീയ പശ്ചാത്തലവുമുണ്ട്. യുദ്ധത്തിന്റെ ഏറ്റവും വ്യക്തമായ ഫലം മനുഷ്യജീവന്റെ നഷ്ടമാണ്. എന്നാൽ യുദ്ധത്തിലെ കണക്കുകൾക്ക് പിന്നിലുള്ള വ്യക്തിഗത ദുരിതം പലപ്പോഴും മറഞ്ഞുപോകുന്നു. ഓരോ സംഖ്യയ്ക്കും പിന്നിൽ ഒരു മനുഷ്യനുണ്ട്: യുദ്ധം വെടിവെപ്പ് അവസാനിക്കുന്നതോടെ അവസാനിക്കുന്നില്ല. അതിന്റെ പ്രത്യാഘാതങ്ങൾ തലമുറകളോളം തുടരാം.



സമകാലിന ലോകത്തിൽ ഏറ്റവും ശ്രദ്ധേയമായ സായുധ സംഘർഷങ്ങളിൽ ഒന്നാണ് അമേരിക്കയും ഇറാനും തമ്മിലുള്ള നിലവിലെ യുദ്ധം. 2026 സെപ്റ്റംബർ 20-ലെ റിപ്പോർട്ടുകൾ പ്രകാരം, അമേരിക്ക ഇറാൻ സംഘർഷം ആറുമാസത്തിലേറെയായി തുടരുകയാണ്; സംഘർഷത്തിന്റെ പ്രത്യാഘാതങ്ങൾ ഗൾഫ് മേഖലയിലേക്കും ഊർജവിപണിയിലേക്കും വ്യാപിച്ചിട്ടുണ്ട്. ഇറാൻ വീണ്ടും ചർച്ചകളിലേക്ക് വരുന്നതിനുള്ള നിബന്ധനകൾ മധ്യസ്ഥർ വഴി യുദ്ധം അവസാനിപ്പിക്കുന്നതിനുള്ള നയതന്ത്ര ശ്രമങ്ങൾ തുടരുന്നുണ്ടെങ്കിലും പ്രധാന വിഷയങ്ങളിൽ അമേരിക്കയും ഇറാനും തമ്മിൽ അഭിപ്രായവ്യത്യാസങ്ങൾ നിലനിൽക്കുന്നു. ഈ സംഘർഷം മധ്യപൂർവദേശത്തിന്റെ സുരക്ഷയെയും സമ്പദ്‌വ്യവസ്ഥയെയും ബാധിക്കുകയും ചെയ്തിട്ടുണ്ട്.

ഇറാൻ അമേരിക്ക യിസ്രയേൽ സംഘർഷം മധ്യപൂർവദേശത്തിനപ്പുറത്തേക്കും സാമ്പത്തിക പ്രത്യാഘാതങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. പ്രത്യേകിച്ച് എണ്ണവിലയും ആഗോള ഊർജവിതരണവും വലിയ ആശങ്കകളാണ്. ഹോർമുസ് കടലിടുക്ക് ലോകത്തിലെ പ്രധാന എണ്ണവ്യാപാരപാതകളിലൊന്നായതിനാൽ അവിടത്തെ സംഘർഷം ആഗോള വിപണിയെ ബാധിക്കാം. സെപ്റ്റംബർ 2026-ൽ എണ്ണവിലയും ആഗോള ഇന്ധനവിലയും സംഘർഷവുമായി ബന്ധപ്പെട്ട ആശങ്കകളാൽ ഉയർന്നതായി റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. ഇതിന്റെ ഫലം യുദ്ധം നടക്കുന്ന രാജ്യങ്ങളിൽ മാത്രം ഒതുങ്ങുന്നില്ല. ഇന്ധനവില ഗതാഗതച്ചെലവ് ഭക്ഷ്യവില എന്നിങ്ങനെ അതിന്റെ സ്വാധീനം സാധാരണ കുടുംബങ്ങളിലേക്കും എത്താം. യുദ്ധത്തിന് മനുഷ്യ ജീവന്റെ വില മാത്രമല്ല, വലിയ സാമ്പത്തിക വിലയും ഉണ്ട്. അമേരിക്കൻ യുദ്ധച്ചെലവ് 2026 സെപ്റ്റംബർ മധ്യത്തോടെ ഏകദേശം 38 ബില്യൺ ഡോളർ എത്തിയതായി കോൺഗ്രഷണൽ ബഡ്ജറ്റ് ഓഫീസിന്റെ കണക്കുകൾ അടിസ്ഥാനമാക്കിയുള്ള റിപ്പോർട്ടുകൾ പറയുന്നു. യുദ്ധം തുടരുകയാണെങ്കിൽ ചെലവ് പ്രതിമാസം ഏകദേശം 3 ബില്യൺ ഡോളർ വീതം വർധിക്കാമെന്നും റിപ്പോർട്ടുകൾ പറയുന്നു.

അപ്പോൾ തന്നെ ജി.സി.സി രാജ്യങ്ങളെ ആക്രമിക്കാനോ ഭീഷണിപ്പെടുത്താനോ ഉള്ള ഇറാന്റെ തീരുമാനം, മേഖലയിലെ രാഷ്ട്രീയത്തെക്കുറിച്ചുള്ള അവരുടെ നിലപാടിന്റെ അടിസ്ഥാനത്തിൽ വേണം മനസ്സിലാക്കാൻ. പശ്ചിമേഷ്യയിലെ അമേരിക്കൻ സുരക്ഷാ സംവിധാനങ്ങളുടെ സജീവപങ്കാളികളായാണ് പല ഗൾഫ് രാജ്യങ്ങളെയും ഇറാൻ കാണുന്നത്.മേഖലയിലെ യുഎസ് സൈനിക നീക്കങ്ങളെ പിന്തുണയ്ക്കുന്ന നിർണ്ണായകമായ അമേരിക്കൻ സൈനികതാവള

20



പാസ്റ്റർ പി.ജി. ഏബ്രഹാം



'തിരിച്ചറിയുക' ഗ്രീക്ക് 'അല്ലാസു നിറ്റെ' ഗ്രഹിപ്പിൻ, മനസിലാക്കുവിൻ, മനസിന്റെ ആഴത്തിൽ തിരിച്ചറിയുക. 'സുനിയെതെ' ഗ്രീക്ക് പദം- ആഴത്തിലുള്ള ആത്മീയ വിവേചനം. ഉപരിപ്ലവ അറിവല്ല. 'ദൈവ ഇഷ്ടം തിരിച്ചറിയുക': ഗ്രീക്ക് 'തെലീമ' സാധാരണ ഇഷ്ടത്തിനായി ഉപയോഗിക്കുമെങ്കിലും ദൈവ ഇഷ്ടത്തോട് കൂടുതൽ ചേർത്തു നിർത്തുന്നു. (മത്താ. 6:10; 26:42; എഫെ.2:3) മറ്റു രണ്ടു ഗ്രീക്ക് പദങ്ങൾ കൂടി ഉപയോഗിക്കുന്നു. 'ബൊളീമാ' (റോമ.9:19) - ദൈവത്തിന്റെ തീരുമാനിച്ച ഇഷ്ടം, 'ബൊളേസിസ്' (എബ്രാ. 6:1) - ദൈവത്തിന്റെയോ മനുഷ്യന്റെയോ ഉദ്ദേശം.

ദൈവഹിതം തിരിച്ചറിഞ്ഞ്, തിരുഹൃദയത്തിൽ ഇഷ്ടത്തിന്റെ മാറ്റമില്ലായ്മ സൂക്ഷ്മതയോടെ ഗ്രഹിച്ച് അതിനനുസരിച്ച് പ്രവർത്തിക്കുവിൻ. സമയവും ദൈവഹിതവും ബന്ധപ്പെട്ടു കിടക്കുന്നു. സമയം ദൈവഹിതം തിരിച്ചറിയാൻ ഉപയോഗിക്കുക. നാം ചെയ്യുന്നവ ദൈവഹിത പ്രകാരമാണോ എന്ന് പരിശോധിക്കണം. ആത്മീയ ജ്ഞാനവും ബോദ്ധ്യവും കൊണ്ട് ജീവിതത്തെ നയിക്കുക.

വാ. 18-20

വീഞ്ഞ് കുടിച്ച് മത്തരാകരുത്: ഇതൊരു ആത്മീയ മുന്നറിയിപ്പാണ്; കല്പനയാണ് (Command) ബൈബിൾ മദ്യപാനത്തെ പാപമായി കാണുന്നു (സദ്യ.20:1, ഗലാ.5:21, 1 കൊരി. 6:10).

ലഹരി ധാർമ്മീക അധഃപതനത്തിലേക്കും, ജീവിത തകർച്ചയിലേക്കും നയിക്കുന്നു.

ഗ്രീക്ക് പദം- 'മെഥീസ്കെസ്ഥെ' നിങ്ങൾ തുടർച്ചയായി വീഞ്ഞു കുടിച്ച് മത്തരാകരുത്; ലഹരിക്ക് അടിമയാകരുത്. ലഹരിയുടെ നിയന്ത്രണത്തിലോ, തുടർച്ചയായ സ്വാധീനവലയത്തിലോ ജീവിക്കരുത്; അഥവാ ഇതു ശീലമാക്കി മദ്യത്തിന്റെ നിയന്ത്രണത്തിൽ ജീവിക്കരുത്.

'ആത്മാവിൽ നിറഞ്ഞിരിപ്പിൻ': ഗ്രീക്ക് പദം 'പ്ളെറൂസ്ഥെ' നിങ്ങൾ തുടർച്ചയായി നിറയപ്പെടുവിൻ. ഇതൊരു കല്പന കൂടിയാണ്. തുടർമാനമായ പ്രക്രിയയാണ് (Present passive imperative)

മദ്യത്താൽ നിയന്ത്രിക്കപ്പെടുന്ന ജീവിതത്തിന്റെ നേർ വിപരീതമാണ് ദൈവാത്മാവിന്റെ നിയന്ത്രണത്താൽ ദിനേനയും തുടർച്ചയായും ജീവിതം നിറയ്ക്കപ്പെടുകയെന്നത്.

വാ.19 പരിശുദ്ധാത്മ നിറവിലുള്ള ജീവിതത്തിന്റെ പ്രായോഗിക ഫലങ്ങൾ 19-21

1. ആത്മാവിന്റെ നിറവിൽ ആനന്ദിക്കുക
2. സങ്കീർത്തനങ്ങൾ:
   a. പഴയ-പുതിയ കീർത്തനങ്ങൾ
   b. വചന കേന്ദ്രീകൃതമായ ഗാനങ്ങൾ
   c. ദൈവവചനത്തിലധിഷ്ഠിതമായ ആരാധന
   d. ആരാധനയുടെ ആഴം ദൈവത്തോടുള്ള വിധേയത്വം

3. സ്തുതിയും സ്തോത്രവും.

ദൈവാസ്ഥിത്വത്തെ പ്രകീർത്തിക്കുന്ന പാട്ടുകൾ. ദൈവ കേന്ദ്രീകൃതമായ സ്തുതികൾ. സ്തുതി കരേറ്റുന്നത് നല്ലതാണെങ്കിലും സ്തുതിയോടുകൂടി ജീവിക്കുന്നത് അത്യുത്തമമാണ്. (Praise giving is good, but praise-living is better)

4. ആത്മീയ ഗീതങ്ങൾ

വ്യക്തിഗത ജീവിതാനുഭവങ്ങളിൽ നിന്നുയരുന്ന ഗാനങ്ങൾ. ആത്മാവിന്റെ പ്രേരണയിൽ ജനിച്ച പാട്ടുകൾ. ആത്മീയ ജീവനും അനുഭവങ്ങളും തുടിക്കുന്നവ.

5. തമ്മിൽ സംസാരിക്കുന്നു

ആരാധന വേദിയിലൊതുങ്ങുന്നില്ല; വിശ്വാസികൾ തമ്മിൽ സംഭാഷിക്കുമ്പോഴും ദൈവസ്തുതി ഉണ്ടായിരിക്കണം. ക്രിസ്തീയ സമൂഹം ആരാധനയിലധിഷ്ഠിതമായതായിരിക്കണം.

6. ഹൃദയത്തിൽ കർത്താവിനോടു പാടുക

യഥാർത്ഥ ആരാധന ഹൃദയത്തിൽ നിന്നുരുത്തിരിയുന്നതാണ്. ആരാധന ബാദ്ധ്യതയല്ല; ആത്മ നിറവിന്റെ സ്വാഭാവിക ഫലമാണ്. സഭ ആരാധിക്കുന്ന സമൂഹമാണ്.

ഹൃദയത്തിൽ നിന്നുള്ള ആരാധന വ്യക്തിപരമാണ്. തമ്മിൽ സംസാരിക്കയെന്നത് സാമൂഹ്യപരമാണ്.

ആരാധന ഞായറാഴ്ചകളിൽ മാത്രമല്ല; ദിനചര്യകൾ മുഴുവനും ദൈവസ്തുതിയായി മാറണം. സംസാരത്തിൽ ദൈവസ്തുതിയുണ്ടാകണം. മുഴുജീവിതവും ആരാധനയും സ്തുതിയും നിറഞ്ഞതായിരിക്കണം.

വാ. 20. ദൈവാത്മാവിൽ നിറഞ്ഞ ജീവിതത്തിന്റെ തെളിവ്

1. നന്ദി പറയുക. (Mal. സ്തോത്രം ചെയ്യുക)

ഗ്രീക്ക്. യൂക്കറിസ്റ്റിയോ (Eucharisteo)

കൃപ തിരിച്ചറിഞ്ഞ് പ്രതികരിക്കുക. ദൈവ കൃപയെ തിരിച്ചറിയുന്ന ഹൃദയമാണ് നന്ദിയിലേക്ക് നയിക്കുന്നത്.

2. എപ്പോഴും. ഇത് സ്ഥിരമായ മനോഭാവത്തെ കാണിക്കുന്നു. ചില പ്രത്യേക സന്ദർഭത്തിൽ മാത്രം അല്ല, ഇത് ജീവിതശൈലി ആയിരിക്കണം.

3. എല്ലാ കാര്യങ്ങളിലും (For everything)

സന്തോഷത്തിലും സന്താപത്തിലും
സുഖത്തിലും ദുഃഖത്തിലും
ആശ്വാസത്തിലും വേദനയിലും
ആരോഗ്യത്തിലും രോഗത്തിലും

'എല്ലാത്തിലുമെന്നത്' ദുഃഖങ്ങളെ ഇഷ്ടപ്പെടുകയെന്നല്ല; എല്ലാ സാഹചര്യങ്ങളിലും ദൈവത്തിന്റെ സാന്നിദ്ധ്യവും, ലക്ഷ്യവും തിരിച്ചറിഞ്ഞ് നന്ദി പറയുക എന്നതാണ് (റോമ. 8:28). **(തുടരും)**

യാത്രാവിവരണം -1



പാസ്റ്റർ സാംകുട്ടി മാത്യു
ചീഫ് എഡിറ്റർ

ചണ്ട് ഇംഗ്ലണ്ട് എന്ന് വിളിച്ചിരുന്ന സൂര്യനസ്തമിക്കാത്ത സാമ്രാജ്യം. ഇന്നും രാജഭരണം ഉണ്ടെങ്കിലും ജനാധിപത്യം പുലരുന്ന നാട്. സ്കോട്ട്ലണ്ടും വെയിൽസും നോർത്തേൺ അയർലണ്ടും ഇംഗ്ലണ്ടും ചേരുന്ന ഈ നാടിന്റെ പേരാണ് യു.കെ (യുണൈറ്റഡ് കിങ്ഡം). ഇവിടേക്ക് മലയാളിയുടെ കുടിയേറ്റം ആരംഭിച്ചിട്ട് പതിറ്റാണ്ടുകൾ ഏറെയായി. എന്നാൽ കഴിഞ്ഞ ഒരു പതിറ്റാണ്ടിൽ നടന്നത് സമാനതകൾ ഇല്ലാത്ത കുടിയേറ്റം ആണ്. ഏഴാം കടലിനക്കരെയും ആസ്ട്രേലിയയും ഒക്കെ നിയമത്തിന്റെ വാതിൽ കഠിനമാക്കിയപ്പോൾ സൂര്യനസ്തമിക്കാത്ത നാടെന്ന ഖ്യാതിയുണ്ടായിരുന്ന ഇംഗ്ലണ്ട് പ്രവേശനം ലളിതമാക്കി. പഠനത്തിനും ഉപജീവനത്തിനുമായി പതിനായിരങ്ങൾ ഇക്കാലയളവിൽ ഇവിടെ ചേക്കേറി . നാട്ടുകാരുടെ എതിർപ്പ് ഇപ്പോൾ കുടിയേറ്റത്തിന് തടസ്സങ്ങൾ കൊണ്ടു വന്നു കഴിഞ്ഞു. ദശലക്ഷക്കണക്കിനായ കുടിയേറ്റക്കാരുടെ കടന്നുകയറ്റം ഈ രാജ്യത്തിന്റെ സംസ്ക്കാര തനിമയെയും സമാധാന ജീവിതത്തെയും തകർക്കുന്നു എന്നു ചിന്തദ്ദേശിയരിൽ ഉടലെടുത്തിട്ടുണ്ട് എന്നു പറയാം. വിവിധയിടങ്ങളിലൂടെ യാത്ര ചെയ്യുമ്പോൾ കുടിയേറ്റക്കാർ ചെയ്യുന്ന മര്യാദയില്ലാത്ത പ്രവർത്തികൾ ദർശിക്കുവാൻ കഴിയും. ചിലയിടങ്ങൾ നോർത്തിന്ത്യയിൽ എത്തിയ പ്രതീതി ഉളവാക്കുമ്പോൾ ചിലയിടങ്ങൾ അറബി രാജ്യത്തെത്തിയ പോലെ തോന്നിക്കും.



പതിവു പോലെ പെന്തക്കോസ്തരായ മലയാളികളുടെ വലിയ കൂട്ടം യുകെയിലും ചേക്കേറി. കൂട്ടായ്മകൾ ആരംഭിച്ചു. ധാരാളം യുവജനങ്ങൾ തങ്ങളുടെ ഉപജീവന മാർഗ്ഗത്തോടൊപ്പം വേദപഠനം നടത്തുകയും ദൈവീക ശുശ്രൂഷകളുടെ ഭാഗമായി മാറുകയും ചെയ്തിരിക്കുന്നു. ധാരാളം ദൈവദാസന്മാരുടെ മക്കളും ആ പാത പിന്തുടർന്ന് ഈ മണ്ണിൽ ക്രിസ്തുവിന്റെ സാക്ഷികളായി നിലകൊള്ളുന്നു എന്നത് എന്നെ ഏറെ സന്തോഷിപ്പിച്ച വസ്തുതയാണ്. ചരിത്രമുറങ്ങുന്ന ഈ മണ്ണിൽ വരണം എന്നത് ഒരാഗ്രഹമായിരുന്നു. മുമ്പേ അവസരങ്ങൾ ഉണ്ടായിരുന്നെങ്കിലും സഭയുടെ ഔദ്യോഗിക ചുമതലകൾ കാരണം നടന്നില്ല.

ഒടുവിൽ ഇംഗ്ലണ്ടിന്റെ മണ്ണിൽ കാലുകുത്തുവാൻ ദൈവം അവസരം നൽകി.

ഔദ്യോഗിക ചുമതലകൾക്ക് ചില നാളത്തേക്ക് അവധി നൽകി ചരിത്രമുറങ്ങുന്ന മണ്ണിന്റെ സ്പന്ദനം



പാസ്റ്റർ ആനന്ദ് പുത്തൻപുരയ്ക്കൽ, ഡോ. ജെയിംസ് ജോർജ്ജ്, പാസ്റ്റർ ജിസ്മോൻ ജോർജ്ജ് എന്നിവരോടൊപ്പം

അറിയാൻ ഒരുയാത്ര.

ശുശ്രൂഷകൾക്കായി ക്ഷണിച്ചിട്ടുള്ള സഭകളെയും ശുശ്രൂഷകരെയും കാണുവാനും ശുശ്രൂഷകൾ ചെയ്യുവാനുമുള്ള യാത്ര. മകളെയും കുടുംബത്തെയും കാണുവാനും കൊച്ചു മകനുമൊത്ത് സമയം പങ്കിടാനുമുള്ള ദിനങ്ങൾ. സഹോദരങ്ങളെയും സ്നേഹിതരെയും കാണുവാനുള്ള അവസരം. ഒപ്പം ചരിത്രത്തിന്റെ താളുകളിൽ എഴുതിച്ചേർക്കപ്പെട്ട സ്ഥലങ്ങളും സ്മാരകങ്ങളും അടുത്തറിയാനുള്ള അവസരം.

എന്റെ യാത്രയ്ക്കായി ഞാൻ തെരഞ്ഞെടുത്തത് പതിവുപോലെ എയർ ഇന്ത്യയെന്ന നമ്മുടെ സ്വന്തം വ്യോമയാനം. മിക്കവാറും എല്ലാവരും എന്നെ നിരുത്സാഹപ്പെടുത്തി. എന്നാൽ എന്തുകൊണ്ടോ എനിക്ക് മഹാരാജാവിനെ ഇഷ്ടമാണ്. അതുകൊണ്ട് എന്റെ യാത്രകൾ പലതും ഇതിലാണ്. അമേരിക്കൻ യാത്രയിൽ പഴയ കെ.എസ്.ആർ.ടി.സിയിൽ കയറിയപോലെ കീറിയ സീറ്റും പൊളിഞ്ഞിളകിക്കിടക്കുന്ന ടി.വി.യും ഒക്കെ മനസു മടുപ്പിച്ചിട്ടുണ്ട്. എങ്കിലും ലണ്ടൻ യാത്രയ്ക്ക് മഹാരാജാവിനെ തന്നെ ആശ്രയിക്കാൻ തീരുമാനിച്ചു. തിരുവനന്തപുരം എയർപോർട്ടിലെ എയർ ഇന്ത്യയുടെ കൗണ്ടർ മുതൽ മാറ്റങ്ങൾ ശ്രദ്ധേയമായി. ഒരു മിനിറ്റുപോലും വൈകാതെ യാത്ര ആരംഭിച്ചത് എന്നെ അത്ഭുതപ്പെടുത്തി. നല്ല ഭക്ഷണം, നല്ല സർവ്വീസ്. മുംബെയിൽ നിന്നും ലണ്ടൻ വിമാനവും പുറപ്പെട്ടത് കൃത്യസമയത്ത്. പുതിയ വാഹനം. വൃത്തിയുടെ കാര്യത്തിലും ഭക്ഷണ കാര്യത്തിലും 100 ൽ 100 മാർക്ക്. യാത്രക്കാരോട് നല്ല ഹൃദ്യമായ ഇടപെടൽ. ലണ്ടനിൽ എത്തേണ്ട സമയത്തിന് 45 മുമ്പേ പറന്നെത്തിയപ്പോൾ എയർ ഇന്ത്യയെക്കുറിച്ചുള്ള താൽപര്യം ഒന്നുകൂടെ വർദ്ധിച്ചു. ഇതെന്റെ അനുഭവം.

വ്യക്തിപരമായ അനുഭവത്താൽ വിയോജിപ്പുള്ളവർ ഉണ്ടാകാം.

എയർ പോർട്ടിൽ സ്വീകരിപ്പാൻ ജേഷ്ഠ സഹോദര പുത്രൻ ഡാനും ഭാര്യ കൃപയും എത്തി. മകൾ ഫേബയും ഭർത്താവ് ജിബിനും കൊച്ചുമകൻ ജോനുക്കുട്ടനും എത്തി. കൊച്ചു മകനെ കണ്ടപ്പോൾ മനസിന് ഉന്മേഷമായി. (നാട്ടിൽ വിട്ടിട്ടു പോന്ന കൊച്ചു മക്കൾ ലൂക്കാച്ചനും ലേവിക്കുട്ടനും പരിഭവത്തിലാണ്. അവരെ പിരിഞ്ഞതിന്റെ വിങ്ങൽ മനസിലുണ്ട്.)

അവിടെ നിന്നും നേരം വൈകി. കവൻട്രിക്ക് സമീപം നനീറ്റനിലുള്ള മകളുടെ ഭവനത്തിലേക്ക്. ചൂടിന്റെ ആധിക്യമുണ്ട്. ഇനി കൂട്ടായ്മയുടെയും യാത്രയുടെയും കാഴ്ചകളുടെയും ദിനങ്ങൾ.

ഇവിടെ വന്നതിന്റെ പിറ്റേ ദിവസം ഈ രാജ്യമാകെ പടർന്ന ഉഷ്ണ തരംഗം ഉഷ്ണ ദേശത്തു നിന്നു വന്ന എനിക്കും സഹിക്കാവുന്നതിനപ്പുറമായിരുന്നു. പുറത്തിറങ്ങിയാൽ വരണ്ടുണങ്ങി കിടക്കുന്ന പുൽമേടുകൾ മനസിൽ അല്പം മടുപ്പു തോന്നിച്ചു എന്നത് സത്യം. എന്നും സുഖകരമായ കാലാവസ്ഥയുണ്ടായിരുന്ന ഈ രാജ്യത്ത് വീടുകളിലെങ്ങും സീലിംഗ് ഫാനോ എ.സി യോ ഇല്ലായിരുന്നത്രെ. എന്നാൽ കാലാവസ്ഥാ വ്യതിയാനത്തിൽ സായിപ്പുമാർ വിയർത്തൊലിക്കാൻ തുടങ്ങി. ഫാനും എ സിയും മാർക്കറ്റിൽ കിട്ടാനില്ലായിരുന്നു. ദിവസങ്ങൾക്കുള്ളിൽ സ്ഥിതി മാറി. ഇടവിട്ടുള്ള മഴയും തണുപ്പും വിരുന്നെത്തിയപ്പോൾ മനസിനു കുളിർമയായി. പുൽമേടുകൾ പച്ചപ്പട്ടുടുത്തപ്പോൾ യുകെയുടെ ഉൾപ്രദേശങ്ങളുടെ സൗന്ദര്യം വർണ്ണനാധീതമായി മാറി.

തണുപ്പിന് കാഠിന്യം വന്നു തുടങ്ങിയിരിക്കുന്നു. ശീതകാലത്തിന് കളമൊരുങ്ങുന്നു എന്നതിന്റെ സൂചനകൾ കണ്ടു തുടങ്ങി. എന്നാൽ മേപ്പിൾ മരങ്ങൾ പച്ചപ്പട്ടണിഞ്ഞു തന്നെ നിൽക്കുന്നു. അവിടവിടെയായി പ്രകൃതി എന്ന ചിത്രകാരൻ വർണ്ണച്ചാലുകൾ കീറി നിറച്ചാർത്തുകൾ പകരാൻ തുടക്കമിട്ടിട്ടുണ്ട്. ശൈ



മകൾ ഫേബ, മരുമകൻ ജിബിൻ, കൊച്ചുമകൻ ജോൺ സഹോദരപുത്രൻ ഡാൻ, കൃപ എന്നിവരോടൊപ്പം ഹീത്രൂ വിമാനത്താവളത്തിൽ



പാസ്റ്റർ ആനന്ദ് പുത്തൻപുരയ്ക്കലിന്റെ കുടുംബത്തോടൊപ്പം

തൃകാല തുടക്കത്തിന്റെ മനോഹരമായ കാഴ്ച്ചയാണ് വൃക്ഷലാതാദികളുടെ വർണ്ണ പകർച്ച. മണ്ണിൽ വീണ് നശിക്കും മുമ്പ് കാഴ്ചക്കാർക്കായി ഇലകളിൽ നിറച്ചാർത്തൊരുക്കുന്ന പ്രകൃതിയുടെ വിരുന്ന് ഏത് കഠിന ഹൃദയനെയും കവിയാക്കി മാറ്റും ചുണ്ടിലും മനസിലും കവിത തത്തിക്കളിക്കും.

കവൻട്രി ചരിത്രമുറങ്ങുന്ന പട്ടണമാണ്. ഇംഗ്ലണ്ടിലെ പ്രധാന പട്ടണങ്ങളിലൊന്ന്. ഒരു കാലത്ത് വ്യവസായ കേന്ദ്രം ആയിരുന്നു ഈ പട്ടണം. ക്ലോക്ക്, സൈക്കിൾ, തുണിത്തരങ്ങൾ എന്നിവയുടെ നിർമ്മാണത്തിൽ ഈ പട്ടണം മുൻപന്തിയിലായിരുന്നു. എന്നാൽ അതിലെല്ലാം ഉപരി ഓട്ടോമൊബൈൽ രംഗത്താണ് കവൻട്രിയുടെ പ്രസിദ്ധി. രണ്ടാം ലോക മഹായുദ്ധകാലത്ത് ഇംഗ്ലണ്ട് സൈന്യത്തിന് വാഹന നിർമ്മാണ കമ്പനികൾ നൽകുന്ന സപ്ലൈ നിർത്തുവാൻ ഹിറ്റ്ലറുടെ നാസിപ്പട നടത്തിയ ഭീകരമായ ബോംബിംഗിന്റെ ഇരയാണ് ഈ പട്ടണം. ബോംബിംഗിന്റെ ഭീകരത വിളിച്ചറിയിക്കുന്ന ചരിത്ര സ്മാരകമാണ് തകർന്നു കിടക്കുന്ന കവൻട്രിയിലെ കത്തീഡ്രൽ പള്ളി. തകർന്ന പള്ളി അങ്ങനെ തന്നെ നിലനിർത്തിയാണ് തൊട്ടു ചേർന്ന് പുതിയ പള്ളി പണിതിരിക്കുന്നത്. നൂറുകണക്കിനാളുകൾ ഓരോ ദിവസവും സന്ദർശകരായെത്തുന്നു. പ്രതികാരത്തേക്കാൾ സഹനത്തിന്റെ പാത തെരഞ്ഞെടുത്ത ഈ പട്ടണത്തിന് സമാധാനത്തിന്റെയും അനുരഞ്ജനത്തിന്റെയും പട്ടണം എന്ന പേരു കൂടിയുണ്ട്. ഇന്ന് ഇവിടെ തലയുയർത്തി നിൽക്കുന്ന ധാരാളം പ്രസ്ഥാനങ്ങളുണ്ട്. ജാഗ്വാർ എന്ന വാഹന ഭീമന്റെ നിർമ്മാണയൂണിറ്റും കവൻട്രി യൂണിവേഴ്സിറ്റിയും പ്രസിദ്ധമാണ്.

ഭൂമിശാസ്ത്രപരമായി ഇംഗ്ലണ്ടിന്റെ മധ്യഭാഗത്ത് സ്ഥിതി ചെയ്യുന്ന ഈ പട്ടണം മിഡ്ലാന്റ്സ് റീജീയന്റെ ഭാഗമാണ്.

ചരിത്രം ഉറങ്ങുന്ന ഈ മണ്ണ് ചരിത്രത്തിന്റെ ഭാഗമായ ധാരാളം മഹദ് വ്യക്തികളുടെ നാടു കൂടെയാണ്. ജോർജ് ഏലിയറ്റിന്റെ നാടായ നനീറ്റനിലാണ് മകളും കുടുംബവും പാർക്കുന്നത്.

കവൻട്രിയിലെ ന്യൂ കവനന്റ് വർഷിപ്പ് സെന്ററിലാണ് മകളും കുടുംബവും ആരാധനയ്ക്കായി പോകുന്നത്. തേക്കുതോട് സ്വദേശിയായ പാസ്റ്റർ നെൽസൻ ഏബ്രഹാമും, തൃശ്ശൂർ സ്വദേശിയായ പാസ്റ്റർ ലിനോ പി. ജോണും നേതൃത്വം നൽകുന്ന സഭയിലെ ആരാധന ഏറെ അനുഗ്രഹമാണ്. അവരോടൊപ്പം കർത്താവിനെ ആരാധിപ്പാനും ശുശ്രൂഷിപ്പാനും കഴിയുന്നത് ഏറെ സന്തോഷകരമായ അനുഭവം തന്നെയാണ്.

കെന്റിലെ സഭയും ആനന്ദ് പാസ്റ്ററും

കെന്റിലെ സഭയിലേക്ക് ശുശ്രൂഷയ്ക്കായി ക്ഷണം ലഭിച്ചപ്പോൾ എനിക്ക് ഏറെ സന്തോഷം ഉണ്ടായിരുന്നു. എന്റെ നാടായ റാന്നിയിൽ നിന്നുള്ള വ്യക്തിയാണ്പാസ്റ്റർ ആനന്ദ് പുത്തൻപുരയ്ക്കൽ. യു.കെ യിലെ എന്റെ ആദ്യ ബസ് യാത്ര. കവൻട്രിയിൽ നിന്നും ലണ്ടൻ വിക്ടോറിയ കോച്ച് സ്റ്റേഷനിലേക്കു മൂന്നര മണിക്കൂർ യാത്രയുണ്ട് മനോഹരമായ ബസ്. വലിയ ക്ഷീണമൊന്നുമില്ലാതെ സുഖകരമായ യാത്ര. ലണ്ടനിൽ നിന്ന് കെന്റിലേക്കുള്ള ബസിന് 2 മണിക്കൂർ താമസമുണ്ട്. അവിടെ എന്നെ സ



ഹായിക്കാനും ബസ് കയറ്റി അയക്കാനും സഹോദരപുത്രൻ ഡാൻ (ജോമോൻ) എത്തിയിരുന്നു. വിമാനത്താവളത്തിലെ പോലെ ബസ് നമ്പർ രേഖപ്പെടുത്തിയ ഗേറ്റ് നോക്കി ഇരിപ്പിടത്തിൽ ഇരുന്നാൽ മതി. സമയമാകുമ്പോൾ അവർ ഗേറ്റ് തുറന്ന് ബസ്സിലേക്കു കടത്തിവിടും. ജോമോൻ ഓരോ കാര്യവും വിശദീകരിച്ചു തന്നു. കെന്റിലേക്കുള്ള ബസിൽ എന്നെ യാത്രയാക്കി. സന്ധ്യയോടടുത്ത സമയം. ലണ്ടന്റെ പ്രാന്തപ്രദേശങ്ങൾ താണ്ടി കെന്റിലേക്ക്. മനോഹരമായ കെട്ടിടങ്ങളും തെരുവുകളും പുൽമേടുകളും നദികളും മലകളും ഒക്കെ കണ്ട് പ്രകൃതി ഒരുക്കിയ വിരുന്ന് ആസ്വദിച്ചുള്ള യാത്രയിൽ സമയം പിന്നിട്ടതറിഞ്ഞില്ല. ബസ് സ്റ്റേഷനിൽ പാസ്റ്റർ ആനന്ദ് പുത്തൻപുരയ്ക്കൽ കാത്തുനിൽപ്പുണ്ടായിരുന്നു. അവിടെ നിന്നും ഭവനത്തിലേക്ക്. ഇംഗ്ലണ്ടിന്റെ പൂന്തോട്ടം എന്ന അപര നാമത്തിലറിയപ്പെടുന്ന കെന്റ് ചരിത്രപരമായ പ്രാധാന്യമുള്ള ഇടം കൂടെയാണ്. മെത്തഡിസ്റ്റ് സഭാ സ്ഥാപകൻ ജോൺ വെസ്ലി കെന്റിലെ വിവിധയിടങ്ങളിൽ നടത്തിയ പ്രസംഗങ്ങൾ പ്രസിദ്ധമാണ്. ചർച്ച് ഓഫ് ഇംഗ്ലണ്ടിന്റെ ആസ്ഥാനമായ കാന്റർബറി ഈ പ്രവിശ്യയിലാണ്. കൃഷിക്ക് പ്രാധാന്യമുള്ള ഈ തീരദേശം ധാരാളം നല്ല വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്ന ഇടമാണ്.

റാന്നി പുത്തൻപുരയ്ക്കൽ കുടുംബത്തിലെ ഏബ്രഹാം - ശോശാമ്മ ദമ്പതികൾക്കു ഒദെവം ദാനമായി നൽകിയ മൂന്ന് ആൺ മക്കളിൽ രണ്ടാമനാണ് പാസ്റ്റർ ആനന്ദ്. 1972 ൽ നേഴ്സായി ജർമ്മനിയിലേക്ക് പോയതാണ് പാസ്റ്റർ ആനന്ദിന്റെ മാതാവ്. 1974-ൽ ശ്രീ ഏബ്രഹാമും ജർമ്മനിയിൽ എത്തി. അവിടെ ബിസിനസുകാരനായി. തനിക്ക് ലഭിച്ച അദ്ഭുതകരമായ രോഗശാന്തി ഈ കുടുംബത്തെ കർത്താവിങ്കലേക്കടുപ്പിച്ചു. അവിടെയുള്ള തമിഴ് സഭയിൽ ഈ കുടുംബം ആരാധിച്ചു വന്നു.പിന്നീടാരംഭിച്ച മലയാളം സഭയിൽ ശുശ്രൂഷകനായി ചർച്ച് ഓഫ് ഗോഡിലെ സെന്റർ ശുശ്രൂഷകനും കൗൺസിൽ അംഗവുമായിരുന്ന പാസ്റ്റർ കെ. എം ബേബി എത്തി. (ദൈവ സഭയുടെ ലിറ്ററേച്ചർ ഡയറക്ടറും സ്നേഹിതനുമായ പാസ്റ്റർ മാത്യു ബേബിയുടെ പിതാവ്). സുവിശേഷ വേലയ്ക്കായി സമർപ്പിതനായ ആനന്ദ് ഇംഗ്ലണ്ടിലും അമേരിക്കയിലുമായി വേദപഠനം പൂർത്തീകരിച്ചു. ഇംഗ്ലണ്ടിലേക്കുള്ള തന്റെ നിയോഗം തിരിച്ചറിഞ്ഞ് ലിവർപൂളിൽ പ്രവർത്തിക്കുവാൻ ആഗ്രഹിച്ച് എത്തി. എന്നാൽ തന്റെ നിയോഗം കെന്റിലേക്കാണെന്ന് പരിശുദ്ധാത്മാവ് ബോധ്യം നൽകി. അങ്ങനെ കെന്റിൽ ശുശ്രൂഷയ്ക്ക് ആരംഭം ഇട്ടു. അന്ന് ഇവിടെ മലയാളം പെന്തക്കോസ്ത് സഭകൾ ഒന്നും ഇല്ല. ഭവനങ്ങളിൽ ചില കൂട്ടായ്മകൾ ആരംഭിച്ചു. ജനം വിശ്വാസത്തിലേക്ക് എത്തി തുടങ്ങി. അങ്ങനെ 2006-ൽ ഒരു ഹാൾ വാടകക്കെടുത്ത് ആരാധന ആരംഭിച്ചു. കെന്റ് പെന്തക്കോസ്ത് ചർച്ച്. മുഴുരാത്രി പ്രാർത്ഥനയും ചെയിൻ പ്രയറും ഉപവാസ പ്രാർത്ഥനയും സുവിശേഷീകരണവും തുടർമാനമായി നടന്നു. അനേകർ രക്ഷിക്കപ്പെട്ട് വിശ്വാസ സ്നാനം സ്വീകരിച്ചു. അനേകർക്ക് സൗഖ്യം ലഭിച്ചു. സഭ വളർച്ചയുടെ പടവുകൾ പിന്നിട്ടു. പല ഇടങ്ങളിലേക്ക് പ്രവർത്തനം വ്യാപിച്ചു. സൗത്തെൻഡ് ഓൺ സീ, ഫോൾക് സ്റ്റോൺ തുടങ്ങിയ ഇടങ്ങളിലേക്ക് കെന്റ് പെന്റക്കോസ്ത് ചർച്ച് വളർന്നു. ആത്മീയ സാന്നിധ്യം നിറഞ്ഞു നിൽക്കുന്ന ഈ സഭയിലെ ആരാധനയും ശുശ്രൂഷയും ഏറെ സന്തോഷം പകരുന്നതാണ്.

അവിടെ നടന്ന ഓർഡിനേഷൻ ശുശ്രൂഷയിൽ പ്രധാന വചന ശുശ്രൂഷകനായിട്ടാണ് എന്നെ ക്ഷണിച്ചത്. വളരെ ചിട്ടയോടും മനോഹരവുമായി ക്രമീകരിച്ച ആരാധനയിൽ ഓരോരുത്തരും അവരവരുടെ ഭാഗം ഭംഗിയായി നിർവ്വഹിച്ചു. വളരെ നല്ല ഗായക സംഘം. കൃത്രിമമായ ആത്മമാരി പെയ്യിക്കൽ സംഭവങ്ങൾ ഒന്നുമില്ല. തികഞ്ഞ ആത്മ സാന്നിധ്യം. ആനന്ദ് പാസ്റ്ററുടെ നേതൃത്വ പാടവം എടുത്തു പറയേണ്ടതാണ്. തന്നോടൊപ്പം ശുശ്രൂഷയുടെ ഭാഗമായിരുന്ന ദൈവദാസനാണ് ഓർഡിനേഷൻ നൽകിയത്. വളരെ നല്ല ഗായകൻ കൂടെയാണ് പാസ്റ്റർ ജിസ്മോൻ ജോർജ്ജ്. തന്റെ സമർപ്പണത്തിനുള്ള അംഗീകാരം കൂടെയാണ് ഈ ഓർഡിനേഷൻ. രണ്ടു ദിവസത്തെ മീറ്റിംഗുകൾ ഏറെ അനുഗ്രഹമായിരുന്നു. വിവിധ ഭാഷക്കാർ, രാജ്യക്കാർ, വിവിധ മതത്തിൽ നിന്നും രക്ഷിക്കപ്പെട്ടവർ ഒരുമിച്ചാരാധിക്കുന്നു. എല്ലാവരും അവരവർക്കു കഴിയുന്ന നിലയിൽ കാര്യങ്ങൾ നിർവ്വഹിക്കുന്നു. സുസ്മേര വദനരായി പാസ്റ്ററും കുടുംബവും അവരോടൊപ്പം നിൽക്കുന്നു. തീർച്ചയായും ഈ സഭ വളർച്ചയുടെ പാതയിലാണ്. പാസ്റ്റർ ആനന്ദിന്റെ സഹധർമ്മിണി റാന്നിയിൽ ഞങ്ങൾക്ക് ഏറെ പരിചയമുള്ള വലിയമണ്ണിൽ കുഞ്ഞു മോനച്ചായന്റെയും എൽസിക്കുട്ടി അമ്മാമ്മയുടെയും മകൾ ഡിമ്പിൾ അന്ന്. ചർച്ച് ഓഫ് ഗോഡിലെ അംഗങ്ങളാണവർ. മക്കളായ ലിയാ (മെഡിക്കൽ വിദ്യാർത്ഥിനി) കെസിയ (എയറോ നോട്ടിക്കൽ) ഐസക്, ലീഡിയ (സ്കൂൾ വിദ്യാർത്ഥികൾ). 84-ാം വയസിലും പിതാവ് ഏബ്രഹാം പുത്തൻപുരയ്ക്കൽ ലണ്ടനിൽ ക്രിസ്ത്യൻ ബുക്ക് ഷോപ്പ് നടത്തുകയും ദിനവും വെസ്റ്റ് മിനിസ്റ്റർ ബ്രിഡ്ജിൽ ട്രാക്റ്റുകൾ വിതരണം നടത്തുകയും ചെയ്യുന്നു. അത് തന്റെ തീരുമാനവും സമർപ്പണവുമാണ്. ഒരു കുടുംബത്തിൽ ക്രിസ്തു സ്നേഹം വരുത്തിയ മാറ്റത്തിന്റെ പ്രതിഫലനം കൂടെയാണ്.

(തുടരും)

ഉപവാസ പ്രാർത്ഥനയും ഉണർവ യോഗങ്ങളും

അങ്കമാലി: ആഴകം ഇമ്മാനുവൽ ബിലീവേഴ്സ് ചർച്ചിൽ വെച്ച് ഒക്ടോബർ 5 തിങ്കൾ മുതൽ 11 ഞായർ വരെ ഉപവാസ പ്രാർത്ഥനയും ഉണർവു യോഗവും നടക്കും. പാസ്റ്റർ മാരായ വർഗ്ഗീസ് തുടിയൻ , സെബാസ്റ്റ്യൻ സാബു എന്നിവർ നേതൃത്വം നൽകും. അനുഗ്രഹീത കർതൃദാസന്മാർ വചനം ശുശ്രൂഷിക്കും. ഇമ്മാനുവേൽ മിഷൻ കയർ സംഗീത ശുശ്രൂഷയ്ക്ക് നേതൃത്വം നൽകും.

അങ്കമാലി : പൊങ്ങം ലാംബ് ഓഫ് ഗോഡ് പ്രെയർ സെന്ററിൽ സെപ്റ്റംബർ 17 മുതൽ 19 വരെ ഉപവാസ പ്രാർത്ഥനയും ഉണർവ് യോഗവും നടന്നു. പാസ്റ്റർ അനിൽ ഏബ്രഹാം ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. പാസ്റ്റർ വിവേക്, സിസ്റ്റർ മിനി വചനം ശുശ്രൂഷിച്ചു.

നമുക്ക് ചുറ്റും

തട്ടിപ്പുകാർ പിടിക്കപ്പെടുന്നു

കോശി മാത്യു, യു.എസ്.എ

ഈ കഴിഞ്ഞ ദിവസങ്ങളിൽ കേരളം കണ്ട വാർത്തകളിൽ പ്രധാനമായത് തട്ടിപ്പുകാർ പിടിക്കപ്പെടുന്നതാണ്. മെസിയുടെ പേരിലുള്ള തട്ടിപ്പുകളുടെ അന്വേഷണത്തിനിടയിലാണ് ആന്റോ അഗസ്റ്റിൻ മദ്യക്കേസിൽ അകത്താകുന്നത്. തട്ടിപ്പുകളുടെ നാൾവഴികൾ ആരെയും അത്ഭുതപ്പെടുത്തും ഇവിടുത്തെ നിയമ വ്യവസ്ഥയെയും നിയമം സംരക്ഷിക്കേണ്ട വരെയും നമ്മൾ സംശയത്തോടെ നോക്കേണ്ടി വരും. ഇത്രയും ഗുരുതരമായ തട്ടിപ്പുകൾ നടത്തിയിട്ടും പോലീസ് സ്റ്റേഷനിലും കോടതികളിലും പല കേസുകൾ നിലനിൽക്കുമ്പോഴും ചാനലിൽ ഞെളിഞ്ഞിരുന്ന് വീരസ്യം പറയാൻ കഴിഞ്ഞത് അത്ഭുതമല്ലേ. ഇവിടുത്തെ നിയമ വ്യവസ്ഥയെ വെല്ലുവിളിക്കുകയല്ലായിരുന്നുവോ?.

15 കോടിയുടെ വായ്പയ്ക്ക് ഈടു നൽകിയ വസ്തു കേവലം 2 കോടി രൂപയ്ക്ക് ലേലത്തിൽ സ്വന്തമാക്കുന്ന മാജിക്കിന് കുട പിടിക്കുന്ന ബാങ്കുകാർ. എത്ര അത്ഭുതകരമായ കാര്യങ്ങളാണിവിടെ നടക്കുന്നത്. അത്താഴ പട്ടിണിക്കാരന്റെ വായ്പ മുടങ്ങുമ്പോൾ കേവലം ചില ലക്ഷങ്ങൾക്കായി കിടപ്പാടത്തിൽ നിന്ന് അവരെ പുറത്താക്കി ജപ്തി ചെയ്യുന്ന നിലയിൽ ജാഗരൂകരാകുന്ന ബാങ്കുകാർ ഇവിടെ വലിയ മിനീനെ കാണുമ്പോൾ കണ്ണടയ്ക്കുന്ന 'കൊക്ക് സിൻഡ്രോം' ബാധിച്ചവരായി. ഈ വാർത്ത യാഥാർത്ഥ്യം ആണെങ്കിൽ കേരളത്തിലെ ജനങ്ങൾ പമ്പരവിഡ്ഢികളായി.

മറ്റൊരു സംഭവം കുറച്ചു കൂടെ വ്യത്യസ്ത പുലർത്തി. ഒരിക്കൽ ജയിലിന്റെ അധിപനായിരുന്ന ടോമിൻ ജെ തച്ചങ്കരി ജയിൽപുള്ളിയായി അവിടെ തന്നെ എത്തിയത് മാധ്യമങ്ങൾക്ക് വലിയ വിരുന്നായി. സാധാരണക്കാർ മൂക്കത്ത് വിരൽ വെച്ചു പോയി. തട്ടിപ്പിന്റെയും പ്രതികാരത്തിന്റെയും ആൾരൂപമായിരുന്നു അയാൾ എന്നാണ് പരാതിക്കാർ പറയുന്നത്. തച്ചങ്കരിയുടെ ചില ക്രൈസ്തവ ഗാനങ്ങൾ ഏറെ പ്രസിദ്ധമാണ്. ഇപ്പോൾ നവമാധ്യമങ്ങളിൽ അതും തട്ടിപ്പായിരുന്നുവെന്നും വയലിൻ ജേക്കബിന്റെ സൃഷ്ടി അടിച്ചു മാറ്റിയതാണെന്നും പലർ ആരോപിക്കുന്നു. ഇവിടെ ഏറെ ശ്രദ്ധിക്കേണ്ട കാര്യം എന്നത് ആത്മീയ രംഗത്ത് അംഗീകരിക്കപ്പെടാൻ ഇത്തരം ചില പൊടികൈകളും സ്റ്റേജ് പെർഫോമൻസും മതി എന്നതാണ്. തട്ടിപ്പുകാർക്കും ആഭാസന്മാർക്കും ഗുണ്ടകൾക്കും ഒക്കെയാണ് ഇന്ന് നമ്മുടെയിടയിലും മാർക്കറ്റ് ഉള്ളത്.

മലബാറിൽ വാഴപ്പഴം തൊലി മുറിയാതെ പഴം മാത്രീ മുറിച്ച് ജിന്നിന്റെ ക്രിയയാൽ സംഭവിച്ചതാണെന്ന വ്യാജേന 2500 രൂപയ്ക്ക് വിറ്റ തട്ടിപ്പുകാരനെതിരെ അതേ സമുദായത്തിലെ ഒരു കൂട്ടം ആളുകൾ രംഗത്തു വരികയും തട്ടിപ്പുകാരനെ നാടുകടത്തുകയും ചെയ്തു.

നമ്മുടെയിടയിൽ ജനങ്ങൾക്ക് ഈ ബോധം എന്നാണാവോ ഉണ്ടാവുക.തെറ്റിനെതിരെ പ്രതികരിക്കേണ്ടവർ മൗനമാകുന്ന അപകടകരമായ സാഹചര്യമാണ് ഇന്നത്തെ ദുരവസ്ഥക്ക് കാരണം. ആത്മീയ ശുശ്രൂഷയും പദവിയും മിക്കവരും ദുരുപയോഗം ചെയ്യുന്നു. ഒന്നുമില്ലാ തിറങ്ങിയവരിന്ന് കോടീശ്വരന്മാരായി. പാവങ്ങൾ ഇന്നും കോരന്റെ ഗതിയിലും. ആത്മീയ നേതൃത്വം ഗ്രൂപ്പുകളിച്ചും തമ്മിലടിച്ചും ഭിന്നിപ്പിച്ചും കയ്യിട്ടുവാരിയും തട്ടിപ്പു നടത്തിയും പോകുമ്പോൾ നമ്മൾ ജാഗരൂകരാകേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

തട്ടിപ്പുകാർക്കിത് വല്ലാത്ത കാലമാണെന്നു തോന്നുന്നു. കള്ളൻമാർ ഓരോരുത്തരും പിടിക്കപ്പെടുകയാണ്.

ജനം ജാഗ്രത പുലർത്തുന്നു എന്നു തോന്നുന്നു.

ഡോ. സജി കുമാർ കെ. പി.
ATA റീജിയണൽ സെക്രട്ടറി

കോട്ടയം: Dr. സജി കുമാർ കെ പി ATA റീജിയണൽ സെക്രട്ടറിയായി നിയമിതനായി.ജയ്പൂരിൽ നടന്ന ATA ഇന്ത്യയുടെ വാർഷിക സമ്മേളനത്തിലാണ് നിയമനം ഔദ്യോഗികമായി പ്രഖ്യാപിച്ചത്.

ദൈവശാസ്ത്ര വിദ്യാഭ്യാസം, സഭാശുശ്രൂഷ, നേതൃത്വ പരിശീലനം എന്നീ മേഖലകളിൽ വർഷങ്ങളായി സജീവമായ ഡോ. സജി കുമാർ കെ. പി. നിലവിൽ കോട്ടയം ഇന്ത്യ ബാപ്റ്റിസ്റ്റ് തിയോളജിക്കൽ സെമിനാരി (India Baptist Theological Seminary) പ്രിൻസിപ്പാളായി സേവനമനുഷ്ഠിക്കുന്നു.



ദൈവശാസ്ത്ര അധ്യാപകൻ, സഭാ ശുശ്രൂഷകൻ എന്നീ നിലകളിൽ ശ്രദ്ധേയനാണ്. ബൈബിൾ പ്രഭാഷകൻ, അധ്യാപകൻ, കൗൺസിലർ എന്നീ നിലകളിലും അദ്ദേഹം അറിയപ്പെടുന്നു. ദൈവവചന അധ്യാപനത്തിലും ദൈവശാസ്ത്ര വിദ്യാഭ്യാസത്തിലും ശുശ്രൂഷകരെ പരിശീലിപ്പിക്കുന്നതിലും സഭയുടെ വിവിധ ശുശ്രൂഷാ മേഖലകളെ ശക്തിപ്പെടുത്തുന്നതിലും അദ്ദേഹം സജീവമായ പങ്കുവഹിച്ചുവരുന്നു.

ഇന്ത്യയിലെ ദൈവശാസ്ത്ര വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരം ഉയർത്തുന്നതിനും അവയ്ക്ക് അക്കാദമിക അംഗീകാരവും നിലവാരപരിശോധനയും നൽകുന്നതിനും പ്രവർത്തിക്കുന്ന സംഘടയുടെ Theological Association (ATA). ഇന്ത്യയിലെ ദൈവശാസ്ത്ര വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങളുടെയും ഏകോപനത്തിലും ATA ഇന്ത്യ പ്രധാന പങ്ക് വഹിക്കുന്നു.

അസിസ്റ്റന്റ് റീജിയണൽ സെക്രട്ടറി എന്ന പുതിയ ഉത്തരവാദിത്വത്തിലൂടെ ഇന്ത്യയിലെ ദൈവശാസ്ത്ര വിദ്യാഭ്യാസ രംഗത്തും ബന്ധപ്പെട്ട അക്കാദമിക ശുശ്രൂഷാ പ്രവർത്തനങ്ങളിലും കൂടുതൽ ഫലപ്രദമായ നേതൃത്വം നൽകാൻ ഡോ. സജി കുമാർ കെ. പി.യ്ക്ക് സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.



New Home Specialist
Jobin Johnson

JOHNSON & JACOBS
FLOORING AND INTERIOR

Let's Talk
832-391-5000
info@johnsonjacobs.com
www.jpgrouprealtors.com



ബിനു ജോസഫ്
വടശ്ശേരിക്കര

പ്രത്യാശ കൈവിടരുത്

'ഒരു പ്രതിഫലം ഉണ്ടാകും നിശ്ചയം; നിന്റെ പ്രത്യാശയ്ക്ക് ഭംഗം വരികയില്ല.' (സദൃ.23:18)

നമ്മെ മുൻപോട്ടു നയിക്കുന്നത് നമ്മുടെ പ്രത്യാശയും, നാളെയെക്കുറിച്ചുള്ള പ്രതീക്ഷകളുമാണ്. പ്രതീക്ഷ നഷ്ടപ്പെടുമ്പോൾ പ്രത്യാശ ഇല്ലാതെയാകുകയും മുൻപോട്ട് പോകുവാനുള്ള ത്രാണി നഷ്ടപ്പെടുകയും ചെയ്യുന്നു. പ്രതിസന്ധികളും പ്രശ്നങ്ങളും നേരിട്ട് നിരാശയോടെ, പ്രത്യാശ നഷ്ടപ്പെട്ട് തകർച്ചയിൽ ഇരിക്കുന്നെങ്കിൽ നിശ്ചയമായിട്ടും ഈയൊരു ആലോചന നിങ്ങൾക്കുള്ളതാണ്. ഒരു പ്രതിഫലം നിങ്ങൾക്കുണ്ട് നിശ്ചയം, പ്രത്യാശ കൈവിടരുത്, നിങ്ങളുടെ പ്രത്യാശ കർത്താവ് തന്നെയാണ്. നല്ല നാളെകൾ നിങ്ങളെ കാത്തിരിക്കുന്നു; ധൈര്യമായി പറയുക; എന്റെ യേശു എന്നോട് കൂടെ ഉള്ളതുകൊണ്ട് നാളയെ എനിക്ക് അഭിമുഖീകരിക്കാൻ കഴിയും.

സാഹചര്യങ്ങൾ എത്ര പ്രതീക്ഷയറ്റതായിരുന്നാലും, യേശുവിന് അതിൻ മേൽ പ്രവർത്തിക്കുവാൻ കഴിയും എന്ന് വിശ്വസിക്കുക.

ഒരിക്കൽ ഒരു രാജകൊട്ടാരത്തിൽ ഏതോ തെറ്റിന് പിടിക്കപ്പെട്ട ഒരു മനുഷ്യന് ശിക്ഷയായി ഒരു രാത്രി മുഴുവനും കൊട്ടാരത്തിലെ ജലതടാകത്തിൽ കഴുത്തറ്റം വെള്ളത്തിൽ മുക്കി നിർത്തുവാൻ കൽപ്പിച്ചു. പ്രഭാതം ആകുമ്പോഴേക്കും തണുത്തുറഞ്ഞ് ഐസ് കട്ടയാകുന്ന വെള്ളത്തിൽ മുങ്ങിക്കിടന്ന് അയാൾ മരിച്ചു പോയിരിക്കും. രാവിലെ ഉണർന്ന രാജസേവകന്മാർ കണ്ടത് അയാൾ ജീവനോടെ വെള്ളത്തിൽ നിൽക്കുന്നതാണ്. രാജാവ് അത്ഭുതത്തോടെ ചോദിച്ചു; തണുത്തുറഞ്ഞ് മഞ്ഞു കട്ടയായിരിക്കുന്ന ഈ വെള്ളത്തിൽ നീ എങ്ങനെയാണ് അതിജീവിച്ചത്. ദൂരെ രാജകൊട്ടാരത്തിന്റെ കിളിവാതിലിൽ ആരോ കത്തിച്ചുവെച്ച ഒരു ചെറിയ മൺചിരാതിനു നേരെ കൈ ചൂണ്ടിക്കൊണ്ടു അയാൾ പറഞ്ഞു; ആ ചെറിയ വെളിച്ചത്തെ നോക്കി നോക്കി നിന്ന് ഞാൻ ഈ പ്രതികൂലത്തെ അതിജീവിച്ചു.

പ്രതികൂലത്തിൽ മുങ്ങിത്താണുകൊണ്ടിരിക്കുന്ന ഒരു വ്യക്തിക്ക് അതിനെ അതിജീവിക്കുവാനുള്ള സാധ്യതയാണ് ക്രിസ്തു. നിങ്ങളുടെ പ്രശ്നങ്ങൾ എന്തുമായിക്കൊള്ളട്ടെ, ഒരുനാളും നിങ്ങളെ കൈവിടുകയില്ല ഉപേക്ഷിക്കുകയും ഇല്ല എന്നു വാക്കു പറഞ്ഞവൻ നിങ്ങളോടു കൂടെയുണ്ട്. ചുറ്റും ആർത്തലയ്ക്കുന്ന പ്രതികൂലങ്ങളെ നോക്കി ഭയപ്പെടാതെ നമ്മുടെ പ്രത്യാശയാകുന്ന യേശുവിനെ മാത്രം നോക്കിക്കൊണ്ട് ജീവിതം മുന്നോട്ട് തുടരുക.

നമ്മുടെ പ്രത്യാശ ക്രിസ്തുവാണ്. വചനം പറയുന്നു; പ്രത്യാശയുടെ സ്വീകാരം നാം മുറുകെ പിടിച്ചുകൊൾക; വാഗ്ദത്തം ചെയ്തവൻ വിശ്വസ്തനല്ലോ. (എബ്രായർ 10: 23)

ഭാരവാഹികളെ തിരഞ്ഞെടുത്തു



കോട്ടയം: പിവൈപിഎ കോട്ടയം മേഖല ഭാരവാഹികളെ തിരഞ്ഞെടുത്തു. ഭാരവാഹികളായി പാസ്റ്റർ സാംസൺ പി. ബേബി (പ്രസിഡന്റ്), പ്രസ്റ്റിൻ ഫിലിപ്പ്, ബോബി എബ്രഹാം (വൈസ് പ്രസിഡന്റുമാർ), ഇവാ. ജോൺസൺ മാത്യു (സെക്രട്ടറി), അജയ് ബാബു സ നീഷ് സന്തോഷ് (ജോ. സെക്രട്ടറിമാർ), ഫിന്നി മാത്യു (ട്രഷറർ), സെക്രട്ടറി) അധ്യക്ഷത വഹിച്ചു. ഐപിസി കേരള സ്റ്റേറ്റ് കൗൺസിൽ അംഗം പാസ്റ്റർ സുനിൽ വേട്ടമല ലഘു സന്ദേശം നൽകി. എമിൽ മനോജ് (പബ്ലിസിറ്റി കൺവീനർ) എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു.

ഐപിസി കോട്ടയം സിയോൺ ടാബർനാക്കിൾ സഭാ ഹാളിൽ നടന്ന ജനറൽബോഡി മീറ്റിങ്ങിൽ ഗ്ലാൻഡൻ ജേക്കബ് (ഐപിസി കേരള സ്റ്റേറ്റ് ജോ. സെക്രട്ടറി അധ്യക്ഷത വഹിച്ചു. ഐപിസി അകലക്കുന്നം ഏരിയ പ്രസിഡന്റ് പാസ്റ്റർ അച്ചൻകുഞ്ഞ് സമർപ്പണം പ്രാർത്ഥന നടത്തി. ഇലക്ഷൻ കമ്മീഷണർ മാരായിബോബി തലപ്പാടി. (ഐപിസി കേരള സ്റ്റേറ്റ് കൗൺസിൽ അംഗം) സന്ദീപ് വിളമ്പുകണ്ടം (പിവൈപിഎ കേരള സ്റ്റേറ്റ് വൈസ് പ്രസിഡന്റ്) എന്നിവർ പ്രവർത്തിച്ചു.

ലേഖനം



പാസ്റ്റർ കെ. ജെ. മാത്യു



നിരാശയുടെ നടുവിലെ പ്രത്യാശ

കഴിഞ്ഞ കുറെ മാസങ്ങളായി ലോകം സമാനതകളില്ലാത്ത ഒരു കാലത്തിൽ കൂടെ കടന്നു പോവുകയായിരുന്നു. യുദ്ധങ്ങളും, പ്രകൃതി ദുരന്തങ്ങളായ കൊടുങ്കാറ്റും, മഹാമാരികളും, ഉഷ്ണ തരംഗങ്ങളും, ജനങ്ങളെ വളരെയധികം ദുരിതത്തിലാക്കി. ആക്രമണങ്ങളും, ദുഷ്ടതയും, ചതിയും മനുഷ്യരുടെ പ്രതീക്ഷകൾ നശിപ്പിക്കുന്നു. പ്രതികൂല സാഹചര്യങ്ങളിൽ പ്രത്യാശയില്ലാത്ത മനുഷ്യർ നിരാശയിലേക്ക് കുതിക്കുന്നു. ഈ നിരാശകളിൽ നിന്നും എങ്ങനെ കരകയറാം എന്നറിയാതെ മനുഷ്യൻ വ്യാകുല ചിത്തനായിരിക്കുന്നു. എന്നാൽ ദൈവത്തിലാശ്രയിക്കുന്ന നമുക്കുള്ള ധൈര്യം ദൈവത്തിങ്കലേക്ക് കണ്ണുകളെ ഉയർത്തുമ്പോൾ നമ്മുടെ മുഖം ലജ്ജിച്ചു പോകുവാർ ദൈവം അനുവദിക്കയില്ല.

ലോകത്തിൽ മൂന്ന് തരം ആളുകളാണ് ഉള്ളത്.

1 ഒരിക്കലും വിജയം കണ്ടെത്താൻ ആകാത്തവർ
2. നാളെയെക്കുറിച്ച് ശുഭ പ്രതീക്ഷ പുലർത്തുന്നവർ
3. ശുഭാപ്തി വിശ്വാസത്തിനപ്പുറം പ്രത്യാശയോടെ ഇരിക്കുന്നവർ

ഇതിൽ മുന്നാമത്തെ കൂട്ടരാണു ശ്രേഷ്ഠരായവർ.

കാരണം അവർ ഈ ഭൂമിയിലെ സകലത്തിനും അപ്പുറം മേത്തരമായ ഒന്ന് ഉണ്ടെന്ന് പ്രത്യാശിക്കുന്നവരും അതിനാൽ അതിനാൽ തന്നെ ഈ ലോകത്തിലെ വൈഷമ്യങ്ങളേയും നിരാശകളേയും ദു:ഖങ്ങളെയും തള്ളിക്കളയുന്നവരുമാണ്.

പ്രതികൂല സാഹചര്യങ്ങൾ വരുമ്പോൾ സകലത്തിൽ നിന്നും ഓടി ഒളിക്കുന്ന ജനങ്ങളുണ്ട്.

വിശ്വാസികളുടെ പിതാവായ അബ്രഹാമിനു ദൈവത്തിന്റെ വാഗ്ദത്തം വൈകിയപ്പോൾ നിരാശ അനുഭവപ്പെട്ടിരിക്കാം. കാരണം ദീർഘ വർഷങ്ങൾ കാത്തിരുന്നിട്ടും ദൈവം വാഗ്ദാനം ചെയ്തത് നിറവേറിയില്ല. എന്നാൽ നിരാശയുടെ നടുവിൽ ദൈവ സ്നേഹം ഇറങ്ങി വന്നു. മൂന്ന് ദൈവ പുരുഷന്മാർ അബ്രഹാമിന്റെ കൂടാരത്തിൽ വന്ന് അവർ ചോദിക്കുന്നു. 'യഹോവയാൻ കഴിയാത്ത വല്ല കാര്യവുമുണ്ടോ?

നമ്മുടെ ആദി മാതാപിതാക്കളായ ആദം, ഹവ്വ എന്നിവർ തെറ്റു ചെയ്തപ്പോൾ അവർ ദൈവത്തിൽ നിന്നും ഓടി ഒളിച്ചു. അവിടെ ഒരു ചോദ്യം ഉയർന്നു. 'നി എവിടെ'?

കായേൻ തന്റെ സഹോദരനായ ഹാബേലിനെ കൊന്നപ്പോൾ യഹോവ ചോദിച്ചു. നിന്റെ അനുജനായ ഹാബേൽ എവിടെ?

ഈ ചോദ്യങ്ങളെല്ലാം ഓർമ്മെപ്പടുത്തലുകളാണ്. പ്രതികൂലങ്ങളുടെ നടുവിൽ നമ്മോടും ദൈവം ചോദിക്കുന്നു. നീ എവിടെ? നമ്മുടെ ആത്മീയ നിലവാരം എവിടെ നിൽക്കുന്നു?

മഹാമാരികളുടെയും യുദ്ധഭീഷണികളുടെയും പ്രകൃതി ദുരന്തങ്ങളുടെയും നടുവിൽ പല മനുഷ്യരും ചോദിക്കുന്നു. ദൈവം എവിടെ? പ്രതികൂലങ്ങളുടെ നടുവിൽ, ഏകാന്തതകളിൽ, ദൈവം ചോദിക്കുന്നു. നീ എവിടെ? നിന്റെ ദൈവിക വിശ്വാസം എവിടെയാണ് നിൽക്കുന്നതെന്ന്?

നമ്മുടെ ജീവിതത്തിലും പ്രത്യാശ അറ്റുപോയ വിഷയങ്ങൾ കടന്നു വരാം. നാളെ നമുക്കു എന്തു സംഭവിക്കുമെന്നു ആർക്കും പറയാൻ സാദ്ധ്യമല്ല. എന്നാൽ ജീവിക്കുന്നതു ദൈവകരങ്ങളിലാണു എന്ന ഉറച്ച വിശ്വാസമാണു നമ്മെ മുന്നോട്ടു നയിക്കുന്നതു. അവിശ്വാസത്താൽ പലപ്പോഴും നിരാശയുടെ പടുകുഴിയിൽ വീണു പോയിട്ടുണ്ടാകും. എന്നാലും വീണു പോകാതെ കരം തരുന്ന ദൈവം കൂടെയുണ്ടു. കടലിൻ മീതെ നടന്നു വരുന്ന യേശുവിനെ കണ്ടു കടലിലേക്കെടുത്തു ചാടിയ പത്രോസ് അവിശ്വാസത്താൽ മുങ്ങാൻ തുടങ്ങിയപ്പോൾ കരുണാമയനായ കർത്താവ് കരം പിടിച്ച് ഉയർത്തിയതായി നാം കാണുന്നു. ഇതുപോലെ ബലഹീനരായ നമ്മിലും അവിശ്വാസം കടന്നു വരാം. അവിശ്വാസത്താൽ ജീവിതത്തിൽ പല സന്ദർഭങ്ങളിലും നാം പിൻമാറി പോയിട്ടുണ്ടെങ്കിലും നമ്മെ ചേർത്തു പിടിക്കുന്ന കർത്താവിന് നമ്മുടെ പ്രകൃതിയും ബലഹീനതകളും നന്നായി അറിയാം.

നിരാശ പറയും ഇനി ഒന്നുമില്ല. വിശ്വാസം പറയും ദൈവത്തിന് ഇപ്പോഴും വഴിയുണ്ട്. വഴി കാണുന്നില്ലെങ്കിലും വഴി ഒരുക്കുന്ന കർത്താവുണ്ട്. കണ്ണുനീർ വീഴുന്നിടത്ത് പ്രത്യാശയുടെ വിത്ത് വിതയ്ക്കുന്ന കർത്താവ് മനുഷ്യന്റെ പ്രതീക്ഷ നശിക്കുന്നിടത്ത് കർത്താവ് തന്റെ പ്രവർത്തനം ആരംഭിക്കുന്നു. കാറ്റ് ശക്തമാണെങ്കിലും നങ്കൂരം ഉറപ്പാണെങ്കിൽ കപ്പൽ മുങ്ങുകയില്ല. അതുപോലെ ക്രിസ്തുവിലുള്ള പ്രത്യാശ നമ്മെ നിലനിർത്തും. കാരണം പ്രത്യാശയെ മാറ്റി മറയ്ക്കുന്ന സാഹചര്യത്തിലല്ല, മറിച്ച് മാറാത്ത ദൈവത്തിലാണ് നമ്മുടെ ആശ്രയം. അതിനാൽ നിരാശയിൽ നിന്നും പ്രത്യാശയുടെ ലോകത്തിലേക്കു നമുക്ക് പറന്നുയരാം. 'എങ്കിലും യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും അവർ കഴുകന്മാരെപോലെ ചിറകടിച്ചു കയറും. അവർ തളർന്നു പോകാതെ ഓടുകയും ക്ഷീണിച്ചു പോകാതെ നടക്കുകയും ചെയ്യും.'

'എന്റെ ആത്മാവെ നീ വിഷാദിച്ചു ഉള്ളിൽ ഞെരങ്ങുന്നതെന്തു? ദൈവത്തിൽ പ്രത്യാശ വയ്ക്കുക...'

AGAPE ONLINE BIBLE COLLEGE

An initiative of Agape Full Gospel Ministries

Accredited by IATA



Rev. Dr. Shaji K. Daniel
President



Pr. Lalu Jacob
Vice President

Class Time
9 PM – 10 PM (IST)

Schedule
Every Monday to Friday

Saturday
Chapel Service
6 PM - 8 PM (IST)

FACULTY & SUBJECTS

Monday	Tuesday	Wednesday	Thursday	Friday
End Time Events (Daniel Prophecy)	Pauline Epistles	Poetical Books	Book of Revelation	Christology



Rev. Dr. Zack Varghese
Senior Pastor & President, International Christian Assembly, Tulsa, USA
Bible Teacher



Evg. Shajan Parakadavil
Bible Teacher | Writer | Media Person



Pr. Mathew P Thomas
Senior Pastor, IPC Peniel, Sreekaryam, TVM
Renowned Bible Teacher



Rev. Dr. C. V. Andrews
Bible Teacher, Patron Pastor of Church of God, Atlanta, USA




Pr. P G Mathew
Bible Teacher and Former Assistant Overseer, Church of God, Kerala State.



For admission, please WhatsApp us at +974 3086 1381, +974 5566 7378



ഷൈജു തോമസ് ഞാറയ്ക്കൽ



അഭിപ്രായസ്വാതന്ത്ര്യത്തിന്റെ നാഴികക്കല്ല്

ഇന്ത്യയിലെന്നല്ല ലോകത്തെമ്പാടും തരംഗമായി മാറിക്കഴിഞ്ഞ സോഷ്യൽ മീഡിയ അതിശക്തമായി മാധ്യമമായി മാറിക്കഴിഞ്ഞിരിക്കുകയാണ്. രാഷ്ട്രീയസാമൂഹിക വിമർശനങ്ങളുടെ ഏറ്റവും ശക്തമായ വേദികൂടിയാണിന്ന് സോഷ്യൽ മീഡിയ. സമൂഹത്തിൽ അന്നന്ന് നടക്കുന്ന ഏതൊരു സംഭവങ്ങളും ഞൊടിയിടയിലാണ് ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെ പരക്കുന്നത്. മറ്റു മാധ്യമങ്ങളേക്കാൾ എത്രയോ വേഗത്തിലാണ് സോഷ്യൽ മീഡിയയിലൂടെ വാർത്തകൾ പെയ്തിറങ്ങുന്നതെന്നു നിരവധി സംഭവങ്ങൾ വ്യക്തമാക്കിത്തരുന്നു. വാട്സ് ആപിന്റെ ഉപയോഗം വർധിച്ചതോടെ വാർത്തകളും വീഡിയോകളും എളുപ്പത്തിൽ അയച്ചുനൽകുവാനും കഴിയുന്നു. സോഷ്യൽ മീഡിയ ഏറ്റവും കൂടുതലായി ഉപയോഗിക്കുന്നത് യുവ സമൂഹമാണ്. അതുകൊണ്ട് വേറിട്ടതും നവീനവുമായി പല ആശയങ്ങളും ഞെട്ടിപ്പിക്കുന്ന അഭിപ്രായപ്രകടനങ്ങളും ഇതിലൂടെ പുറത്തുവരികയും ചെയ്യുന്നുണ്ട്.വിശുദ്ധ വേദപുസ്തകത്തിലെ വെളിപ്പാട് പുസ്തകത്തിൽ ക്രിസ്തുവിന്റെ പുനരാഗമനം കഴിയുമ്പോൾ എഴുന്നേല്ക്കുന്ന രണ്ട് സാക്ഷികളെ ലോകം മുഴുവൻ കാണും എന്ന് പറയുന്നു. അവർ പ്രസംഗിക്കുന്നതും, 1260 ദിവസം കഴിയുമ്പോൾ ആഴത്തിൽ നിന്നും കയറി വരുന്ന മൃഗം അവരോട് പടവെട്ടി അവരെ ജയിച്ചു കൊന്നുകളയും. അവരുടെ കർത്താവ് കൊല്ലപ്പെട്ടതും ആത്മീകമായി സോദോം എന്നും മിസ്രയിം എന്നും പേരുള്ളതുമായ മഹാനഗരത്തിന്റെ വിഥിയിൽ അവരുടെ ശവം കിടക്കും. സകല വംശക്കാരും, ഭാഷക്കാരും, ജാതിക്കാരും, ഗോത്രക്കാരും അവരുടെ ശവം മൂന്നരം ദിവസം കാണും (വെളിപ്പാട് 11:8,9). ഒരു കാലത്ത് അപ്രാപ്യമെന്നു തോന്നിയത് ഇന്ന് പ്രയാസകരമല്ലാതായി മാറിയിരിക്കുന്നു. സോഷ്യൽ മീഡിയാ വഴി ലോകത്തിന്റെ ഏതൊരു ഭാഗത്ത് നടക്കുന്ന സംഭവങ്ങളും ലോകം മുഴുവൻ കാണുവാൻ സാധിക്കുന്ന വിധത്തിലേക്ക് എത്തി നില്ക്കുന്നത് വേദപുസ്തക പ്രവചനത്തിന്റെ നിവൃത്തിയാണ്.

ചരിത്രം പരിശോധിച്ചാൽ ഫാസിസ്റ്റ് ഭരണകൂടങ്ങൾ എക്കാലവും പൊതുസമൂഹത്തിന്റെ അഭിപ്രായ രൂപീകരണത്തെ സംശയത്തോടെയും ഭയത്തോടെയുമാണ് നോക്കിക്കണ്ടതെന്നു കാണാം. ഭരണം കൈയിലിരിക്കുമ്പോൾ പൗരാവകാശ നിഷേധത്തിലൂടെയാണെങ്കിലും തങ്ങളുടെ അധികാരം നിലനിർത്താൻ ഭരണാധികാരികൾ തെറ്റായ പ്രവണത കാണിക്കുന്നത് കാണാം. ജനാധിപത്യത്തിന്റെ മറവിൽ നിക്ഷിപ്ത താൽപര്യങ്ങളോടെ അധികാര ദുർവിനിയോഗം ചെയ്യുന്നവരും ആത്മീയതയുടെ കപടവേഷം ധരിക്കുന്നവരും അധികാരത്തിന്റെ ഇടനാഴികളിൽ അഴിമതികളുടെ ദല്ലാൾപണി ചെയ്യുന്നവരും നവമാധ്യമങ്ങളെയും അവർ തുറന്നുവെക്കുന്ന മൂന്നാം കണ്ണിനെയും അസഹിഷ്ണുതയോടെയാണ് നോക്കിക്കാണുന്നത്. പുതുതലമുറ തങ്ങളുടെ അഭിപ്രായങ്ങളെയും കാഴ്ചപ്പാടുകളെയും തുറന്നുകാണിക്കാനും ജനായത്ത നിരാസങ്ങളെ പുറത്തുകൊണ്ടുവരാനും നവമാധ്യമങ്ങളെയാണ് ഉപയോഗപ്പെടുത്തുന്നത്.ഭരണകൂട പ്രഭുത്വ വർഗത്തിന് ഒളിപ്പിച്ചുവയ്ക്കാൻ പലതുമുണ്ടെന്നറിയുമ്പോൾ ജനാധിപത്യത്തിന്റെ ഉറങ്ങാത്ത കാവലാളായി മാറാൻ നവമാധ്യമങ്ങൾക്കു കഴിയുന്നു എന്നത് ശ്രദ്ധേയമാണ്. ഫോർത്ത് എസ്റ്റേറ്റിന്റെ ശരിയായ ധർമം ഇന്നു നിർവഹിക്കുന്നത് ഒരർത്ഥത്തിൽ നവമാധ്യമങ്ങളാണ്. ഫാസിസവും ഹിന്ദുത്വവും അടിച്ചേൽപിക്കുന്ന ഭരണകൂട ഇടപെടലുകളെ പ്രതിരോധിക്കുന്നതിലും മതേതര മൂല്യങ്ങളെ ഉയർത്തിക്കൊണ്ടുവരുന്നതിലും മാതൃകാപരമായ നിലപാടുകളാണ് നവ മാധ്യമങ്ങൾ പൊതുവെ കൈക്കൊണ്ടിരിക്കുന്നത്. കോടതിവിധി അനുകൂലമായിരിക്കെ ഇനി അഭിപ്രായങ്ങളുടെ സ്ഫോടനംതന്നെ സോഷ്യൽ മീഡിയയിൽ നടക്കും. വർധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങളോട് നിസ്സംഗതപുലർത്താൻകഴിയില്ലെന്നത് ഒരു യാഥാർഥ്യമാണ്. ജനാധിപത്യത്തിന്റെ മൗലിക ഘടകങ്ങൾ മനുഷ്യാവകാശങ്ങൾ, അധികാര വികേന്ദ്രീകരണം അഭിപ്രായ സ്വാതന്ത്ര്യം, ആരാധന സ്വാതന്ത്ര്യം, സാമൂഹിക നീതി, ഇങ്ങനെ ആയിരിക്കെ അതിനെ ദുരുപയോഗപ്പെടുത്തുന്നത് നിയമത്തെ നിന്ദിക്കുന്നതിന് തുല്യമാണ്. വ്യക്തികളുടെ അഭിപ്രായ സ്വാതന്ത്ര്യം വിലക്കാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. എന്നാൽ സൈബർ കുറ്റകൃത്യങ്ങൾക്ക് ഈ നിയമം ബാധകമാണ്. അഭിപ്രായങ്ങൾ തുറന്നുപറയുമ്പോൾ സഭ്യതയുടെ അതിർവരമ്പുകൾ ലംഘിക്കാതിരിക്കാൻ പക്വത കാട്ടുകതന്നെവേണം. മാന്യതയും മിതത്വവും പാലിക്കാൻ കഴിയണം. നവമാധ്യമങ്ങളിലൂടെ പ്രചരിക്കുന്ന തെറ്റായ സമീപനങ്ങളെ കണ്ടില്ലെന്നു നടിക്കാനാവില്ല. വർഗീയ വിഷം തുപ്പുന്ന പോസ്റ്റുകളും മതസ്പർദ്ദ ജനിപ്പിക്കുന്ന അഭിപ്രായപ്രകടനങ്ങളും സ്ത്രീത്വ

22



SUNDAY SERVICE
Sunday School – 12.30 pm to 01.30 pm
English / Hindi – 01.30 pm to 02.30 pm
Malayalam – 02.30 pm to 5.00 pm

COTTAGE MEETING
Fridays 5.00 pm to 7.00 pm

YOUTH MEETING
Every first Sunday

LADIES MEETING
Tuesday 9.30 am to 11.00 am

MEN'S MEETING
Saturday 5.00 pm to 7.00 pm

EVG. NELSON ABRAHAM: +44 7541 238815,
EVG. LINO P JOHN: +44 7471 646715

HIGH ST, RYTON-ON-DUNSMORE,
COVENTRY CV8 3EY

All Are Welcome



ശിക്ഷിക്കാൻ മറന്ന മാതാപിതാക്കളും ശിക്ഷ നിരസിച്ച മക്കളും

ഒരു സമകാലിക കുടുംബചിന്ത



പാസ്റ്റർ വി. എ. മാത്യു

സദൃശ്യവാക്യങ്ങൾ 19:18 "പ്രത്യാശയുള്ളേടത്തോളം നിന്റെ മകനെ ശിക്ഷിക്ക; എങ്കിലും അവനെ കൊല്ലുവാൻ തക്കവണ്ണം ഭാവിക്കരുതു".

ഒരു കുഞ്ഞിന്റെ കരച്ചിൽ കേൾക്കുമ്പോൾ അമ്മയുടെ ഹൃദയം അലിയും. അച്ഛന്റെ കണ്ണിൽ മകന്റെ ഭാവിയെക്കുറിച്ചുള്ള സ്വപ്നങ്ങൾ നിറയും. മക്കൾക്ക് നല്ല വിദ്യാഭ്യാസം ലഭിക്കണം, നല്ല ജോലി ലഭിക്കണം, ജീവിതത്തിൽ ഉയരണം, ആരുടെയും മുമ്പിൽ തലകുനിക്കേണ്ടിവരരുത്ഇതൊക്കെയാണ് മാതാപിതാക്കളുടെ സ്വാഭാവിക ആഗ്രഹങ്ങൾ.

അതിനുവേണ്ടി അവർ പണിയെടുക്കുന്നു. സമ്പാദിക്കുന്നു. സ്വന്തം ആഗ്രഹങ്ങൾ മാറ്റിവയ്ക്കുന്നു. മക്കളുടെ ആവശ്യങ്ങൾക്കായി ജീവിതം ചെലവഴിക്കുന്നു.

എന്നാൽ ഈ തിരക്കിനിടയിൽ പലപ്പോഴും മറന്നുപോകുന്ന ഒരു ഉത്തരവാദിത്വമുണ്ട്:

മക്കളെ സ്നേഹിക്കുന്നതുപോലെതന്നെ അവരെ ശിക്ഷിക്കാനും തിരുത്താനും തയ്യാറാക്കണം.

ഇവിടെ "ശിക്ഷ" എന്നു പറയുന്നത് ക്രൂരതയോ ശാരീരിക പീഡനമോ അല്ല. തെറ്റിനെ തെറ്റായി തിരിച്ചറിയാൻ സഹായിക്കുക, അതിരുകൾ നിശ്ചയിക്കുക, ഉത്തരവാദിത്വം പഠിപ്പിക്കുക, തെറ്റിന്റെ പരിണതഫലം മനസ്സിലാക്കിക്കുക, ശരിയായ വഴിയിലേക്ക് തിരിച്ചുകൊണ്ടുവരികഇവയെല്ലാം ശിക്ഷണത്തിന്റെ ഭാഗങ്ങളാണ്.

ഇന്ന് കുടുംബങ്ങൾ നേരിടുന്ന ഒരു പ്രധാന വെല്ലുവിളിയാണിത്: ശിക്ഷിക്കാൻ മടിക്കുന്ന മാതാപിതാക്കളും ശിക്ഷണം സ്വീകരിക്കാൻ വിസമ്മതിക്കുന്ന മക്കളും.

സ്നേഹത്തിന്റെ മറ്റൊരു മുഖമാണ് ശിക്ഷണം

സ്നേഹം എന്നത് മക്കൾ ചോദിക്കുന്നതെല്ലാം വാങ്ങിക്കൊടുക്കുക എന്നതല്ല.

ചിലപ്പോൾ സ്നേഹം "അതെ" എന്നു പറയുന്നതാണ്.

ചിലപ്പോൾ സ്നേഹം "ഇല്ല" എന്നു പറയുന്നതുമാണ്.

കുട്ടി തെറ്റ് ചെയ്തപ്പോൾ അവനെ സന്തോഷിപ്പിക്കാൻ വേണ്ടി തെറ്റ് അവഗണിക്കുന്നത് സ്നേഹമല്ല. തെറ്റിൽനിന്ന് തിരുത്തി ശരിയായ വഴിയിലേക്ക് നയിക്കുന്നതാണ് യഥാർത്ഥ സ്നേഹം.

സദൃശ്യവാക്യങ്ങൾ 13:24 പറയുന്നു: 'അവനെ സ്നേഹിക്കുന്നവനോ ചെറുപ്പത്തിലേ അവനെ ശിക്ഷിക്കുന്നു.'

തെറ്റ് ചെറുതായിരിക്കുമ്പോൾ തിരുത്താൻ എളുപ്പമാണ്. ശീലം വളർന്നശേഷം മാറ്റുക കൂടുതൽ പ്രയാസമാണ്.

ഒരു ചെറിയ ചെടിയെ വളച്ചാൽ എളുപ്പത്തിൽ ദിശ മാറ്റാം. വളർന്ന വൃക്ഷത്തെ വളയ്ക്കാൻ ശ്രമിച്ചാൽ അത് തകരാൻ പോലും സാധ്യതയുണ്ട്.

അതുപോലെ തന്നെയാണ് സ്വഭാവവും.

ബാല്യത്തിലെ ചെറിയ തെറ്റുകളെ "കുട്ടിയല്ലേ" എന്നു പറഞ്ഞ് നിരന്തരം അവഗണിച്ചാൽ, ഒരിക്കൽ അതേ തെറ്റുകൾ സ്വഭാവത്തിന്റെ ഭാഗമാകാം.

"എന്റെ കുട്ടിക്ക് വിഷമമാകരുത്"

ഇന്നത്തെ മാതാപിതാക്കളുടെ മനസ്സിൽ പലപ്പോഴും ഈ ചിന്തയുണ്ട്:

"കുട്ടിക്ക് വിഷമമാകരുത്."

അത് സ്നേഹത്തിൽനിന്നുള്ള ചിന്തയാണ്. എന്നാൽ ജീവിതത്തിലെ എല്ലാ നിരാശകളിൽനിന്നും മക്കളെ സംരക്ഷിക്കാൻ ശ്രമിക്കുന്നത് എല്ലായ്പ്പോഴും അവരുടെ നന്മയാകണമെന്നില്ല.

പരാജയം നേരിടേണ്ടിവരും.

"ഇല്ല" എന്ന മറുപടി കേൾക്കേണ്ടിവരും.

തെറ്റിന്റെ ഫലം അനുഭവിക്കേണ്ടിവരും.

ചില അവസരങ്ങൾ നഷ്ടപ്പെടും.

ചില കാര്യങ്ങളിൽ കാത്തിരിക്കേണ്ടിവരും.

ഇത്തരം അനുഭവങ്ങളിലൂടെയാണ് ക്ഷമ, ആത്മനിയന്ത്രണം, ഉത്തരവാദിത്വം, സഹിഷ്ണുത എന്നിവ വളരുന്നത്.

മാതാപിതാക്കൾ എല്ലായ്പ്പോഴും മക്കളുടെ മുന്നിൽ മതിലായി നിന്നാൽ, അവർ സ്വയം ജീവിതത്തെ നേരിടാൻ പഠിക്കാതെ പോകാം.

അതുകൊണ്ട് കുട്ടിയെ സംരക്ഷിക്കേണ്ട സമയമുണ്ട്;

കുട്ടിയെ ഉത്തരവാദിത്വം ഏറ്റെടുക്കാൻ പഠിപ്പിക്കേണ്ട സമയവും ഉണ്ട്.

മൊബൈൽ സ്ക്രീനിൽ വളരുന്ന ഒരു തലമുറ

ഇന്നത്തെ കുടുംബജീവിതത്തിൽ പുതിയൊരു വെല്ലുവിളി കൂടി വന്നിരിക്കുന്നു.

മുമ്പ് മാതാപിതാക്കൾക്ക് മക്കൾ എന്താണ് വായിക്കുന്നത്, ആരോടാണ് സംസാരിക്കുന്നത്, എവിടെയാണ് പോകുന്നത് എന്നൊക്കെ ഒരു പരിധിവരെ അറിയാമായിരുന്നു.

ഇന്ന് ഒരു ചെറിയ സ്ക്രീനിനുള്ളിൽ തന്നെ ഒരു വലിയ ലോകമുണ്ട്.

വിവരവും അവിടെയുണ്ട്. വിനോദവും അവിടെയുണ്ട്. നല്ല മാതൃകകളും അവിടെയുണ്ട്. തെറ്റായ സ്വാധീനങ്ങളും അവിടെയുണ്ട്. അതിനാൽ "ഫോൺ ഉപയോഗിക്കരുത്" എന്നു പറയുന്നതിൽ

മാത്രം മാതാപിതാക്കളുടെ ദൗത്യം അവസാനിക്കുന്നില്ല.

എന്താണ് കാണുന്നത്?

ആരെയാണ് പിന്തുടരുന്നത്?

എന്താണ് വിശ്വസിക്കുന്നത്?

എന്താണ് പങ്കുവയ്ക്കുന്നത്?

എത്ര സമയം ചെലവഴിക്കുന്നു?

ഇവയെക്കുറിച്ച് മക്കളോട് സംസാരിക്കണം. നിയന്ത്രണത്തോടൊപ്പം ബന്ധവും വേണം. മാതാപിതാക്കൾ മക്കളുടെ ഡിജിറ്റൽ ലോകത്തെക്കുറിച്ച് അറിയാൻ ശ്രമിക്കുമ്പോൾ, അത് ചാരപ്പണി ചെയ്യാനല്ല; സംരക്ഷിക്കാനും വഴികാട്ടാനുമാണ്.

ശിക്ഷ നിരസിക്കുന്ന മക്കൾ

മാതാപിതാക്കളുടെ ഭാഗത്ത് മാത്രമല്ല പ്രശ്നം. ചില മക്കൾക്ക് തിരുത്തൽ ഇഷ്ടമല്ല. സദൃശ്യവാക്യങ്ങൾ 15:5: "ഭോഷൻ അപ്പന്റെ പ്രബോധനം നിരസിക്കുന്നു; ശാസനയെ കൂട്ടാക്കുന്നവനോ വിവേകിയായ്തീരും"

തിരുത്തുമ്പോൾ ഉടൻ ചോദ്യം:

"എന്തിനാണ് എന്നെ മാത്രം പറയുന്നത്?"

"എന്റെ കൂട്ടുകാരും ഇതു ചെയ്യുന്നുണ്ടല്ലോ!"

"എനിക്ക് ഇത്രയും നിയന്ത്രണം എന്തിന്?"

"എനിക്ക് എന്റെ ജീവിതം നോക്കാൻ അറിയാം!"

സ്വാതന്ത്ര്യം നല്ലതാണ്. പക്ഷേ ഉത്തരവാദിത്വമില്ലാത്ത സ്വാതന്ത്ര്യം അപകടകരമാണ്. മാതാപിതാക്കളുടെ ഓരോ വാക്കും ശരിയാകണമെന്നില്ല. എന്നാൽ തിരുത്തൽ കേൾക്കാൻ തയ്യാറാകുന്ന മനസ്സ് വലിയൊരു ജീവിതഗുണമാണ്. തിരുത്തൽ സ്വീകരിക്കാൻ കഴിയുന്നവനാണ് വളരാൻ കഴിയുന്നത്.

ഏലിയുടെ വീട്ടിൽ നിന്നുള്ള ഗൗരവമുള്ള മുന്നറിയിപ്പ്

ബൈബിളിൽ ഈ വിഷയത്തിൽ ചിന്തിപ്പിക്കുന്ന ഒരു സംഭവമാണ് ഏലിയുടെ കുടുംബം.

ഏലിയുടെ പുത്രന്മാരുടെ തെറ്റായ പ്രവൃത്തികളെക്കുറിച്ച് ഏലിക്ക് അറിവുണ്ടായിരുന്നു. എന്നാൽ ആവശ്യമായ രീതിയിൽ അവരെ നിയന്ത്രിക്കാൻ അദ്ദേഹം പരാജയപ്പെട്ടു.

1 ശമൂവേൽ 3:13-ൽ ദൈവം പറയുന്നു: അവന്റെ പുത്രന്മാർ ദൈവദൂഷണം പറയുന്ന അകൃത്യം അവൻ അറിഞ്ഞിട്ടും അവരെ ശാസിച്ചമർത്തായ്കകൊണ്ടു

"അറിഞ്ഞിട്ടും."

ഈ വാക്ക് വളരെ ഗൗരവമുള്ളതാണ്. അറിയാത്തതല്ല പ്രശ്നം. കാണാത്തതുമല്ല. അറിഞ്ഞിട്ടും തിരുത്താൻ തയ്യാറാകാത്തതാണ് പ്രശ്നം. ഇന്നത്തെ മാതാപിതാക്കൾക്കും ഇത് ഒരു ആത്മപരിശോധനയാണ്. മകന്റെ തെറ്റ് കണ്ടാൽ നാം എന്തു ചെയ്യുന്നു? "അവൻ ചെറുപ്പമാണ്" എന്നു പറഞ്ഞ് മറയ്ക്കുന്നുണ്ടോ? "പിന്നീട് ശരിയാകും" എന്നു പറഞ്ഞ് മാറ്റിവയ്ക്കുന്നുണ്ടോ? "മറ്റുള്ളവർ എന്തു വിചാരിക്കും?" എന്ന ഭയത്തിൽ മിണ്ടാതിരിക്കുന്നുണ്ടോ? അല്ലെങ്കിൽ സ്നേഹത്തോടെ, സമയത്ത്, വ്യക്തമായി തിരുത്തുന്നുണ്ടോ?

ശിക്ഷണം ആദ്യം മാതാപിതാക്കളിൽ തുടങ്ങണം

മക്കളെ തിരുത്തുന്നതിന് മുമ്പ് മാതാപിതാക്കൾ സ്വന്തം ജീവിതത്തിലേക്ക് നോക്കണം.

"കള്ളം പറയരുത്" എന്ന് പറയുന്ന മാതാപിതാക്കൾ സത്യസന്ധതയുടെ മാതൃകയാണോ?

"കോപിക്കരുത്" എന്ന് പറയുന്നവർ സ്വന്തം കോപത്തെ നിയന്ത്രിക്കുന്നുണ്ടോ?

"ഫോൺ അധികം ഉപയോഗിക്കരുത്" എന്ന് പറയുന്നവർ സ്വന്തം ഫോൺ ഉപയോഗത്തിന് പരിധി വെച്ചിട്ടുണ്ടോ?

"ദൈവത്തെ സ്നേഹിക്കണം" എന്ന് പറയുന്നവർ വീട്ടിൽ ദൈവത്തിന് സ്ഥാനം നൽകുന്നുണ്ടോ?

മക്കൾ നമ്മുടെ വാക്കുകൾ കേൾക്കുന്നു; അതിലും കൂടുതൽ നമ്മുടെ ജീവിതം കാണുന്നു. സദൃശ്യവാക്യങ്ങൾ 20:7 പറയുന്നു: പരമാർത്ഥതയിൽ നടക്കുന്നവൻ നീതിമാൻ; അവന്റെ ശേഷം അവന്റെ മക്കളും ഭാഗ്യവാന്മാർ. മാതാപിതാക്കളുടെ നല്ല ജീവിതം മക്കൾക്ക് ലഭിക്കുന്ന ഒരു വലിയ പാരമ്പര്യമാണ്.

ശിക്ഷണം എന്നത് തകർക്കലല്ല, പണിയലാണ്

എബ്രായർ 12:11 പറയുന്നു: ഏതു ശിക്ഷയും തൽക്കാലം സന്തോഷകരമല്ല ദുഃഖകരമത്രേ എന്നു തോന്നും; പിന്നത്തേതിലോ അതിനാൽ അഭ്യാസം വന്നവർക്കു നീതി എന്ന സമാധാന ഫലം ലഭിക്കും.

ശിക്ഷണത്തിന്റെ ലക്ഷ്യം കുട്ടിയെ തകർക്കുക അല്ല. പണിയുകയാണ്. അവന്റെ സ്വഭാവത്തെ പണിയുക. ഉത്തരവാദിത്വബോധത്തെ പണിയുക. ആത്മനിയന്ത്രണത്തെ പണിയുക. ദൈവഭയത്തെ പണിയുക. മറ്റുള്ളവരോടുള്ള ബഹുമാനത്തെ പണിയുക.

അതുകൊണ്ട് ശിക്ഷണം നൽകുമ്പോൾ ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കണം:

കുട്ടിയെ കുറ്റപ്പെടുത്തരുത്; തെറ്റിനെ തിരുത്തുക.

"നീ മോശം കുട്ടിയാണ്" എന്നതിനുപകരം, "നീ ചെയ്ത കാര്യം തെറ്റാണ്; നമുക്ക് അത് തിരുത്താം" എന്ന് പറയുന്നത് കുട്ടിയുടെ വ്യക്തിത്വത്തെ സംരക്ഷിച്ചുകൊണ്ട് തെറ്റിനെ അഭിമുഖീകരിക്കാൻ സഹായിക്കും.

മക്കൾക്ക് നാം നൽകേണ്ട ഏറ്റവും വലിയ സമ്പത്ത്

മാതാപിതാക്കൾ മക്കൾക്കായി സമ്പത്ത് സമ്പാദിക്കുന്നു. അതാവശ്യമാണ്. പക്ഷേ അതിനേക്കാൾ വലിയ ചില നിക്ഷേപങ്ങളുണ്ട്: ദൈവവചനം, ദൈവഭയം, സത്യസന്ധത, ശിക്ഷണം, നല്ല സ്വഭാവം, ഉത്തരവാദിത്വബോധം, പ്രാർത്ഥനയുടെ ശീലം.

ആവർത്തനപുസ്തകം 6:67 പറയുന്നു: ഇന്നു ഞാൻ നിന്നോടു കല്പിക്കുന്ന ഈ വചനങ്ങൾ നിന്റെ ഹൃദയത്തിൽ ഇരിക്കേണം. നീ അവയെ നിന്റെ മക്കൾക്കു ഉപദേശിച്ചുകൊടുക്കയും നീ വീട്ടിൽ ഇരിക്കുമ്പോഴും വഴി നടക്കുമ്പോഴും കിടക്കുമ്പോഴും എഴുന്നേല്ക്കുമ്പോഴും അവയെക്കുറിച്ചു സംസാരിക്കയും വേണം.

ആദ്യം വചനം മാതാപിതാക്കളുടെ ഹൃദയത്തിൽ വേണം. പിന്നെ അത് മക്കളുടെ ജീവിതത്തിലേക്ക് പകരണം.

2 തിമൊഥെയൊസ് 1:5-ൽ തിമൊഥെയൊസിന്റെ വിശ്വാസത്തെക്കുറിച്ച് പറയുമ്പോൾ, അവന്റെ അമ്മയായ യൂനീക്കയിലും വലിയമ്മയായ ലോവീസിലും ഉണ്ടായിരുന്ന വിശ്വാസം ഓർമ്മിപ്പിക്കുന്നു.

ഇത് ഒരു മനോഹരമായ സത്യം നമ്മെ പഠിപ്പിക്കുന്നു: ഒരു അമ്മയുടെ വിശ്വാസം ഒരു തലമുറയിൽ അവസാനിക്കേണ്ടതില്ല; അത് അടുത്ത തലമുറയുടെ ജീവിതത്തിൽ തുടരാം.

ഇന്ന് നമുക്ക് വേണ്ടത്

മക്കളെ ഭയപ്പെടുത്തി വളർത്തുന്ന മാതാപിതാക്കളല്ല വേണ്ടത്. മക്കളെ സ്നേഹിക്കുകയും, കേൾക്കുകയും, മനസ്സിലാക്കുകയും, ആവശ്യമായിടത്ത് ഉറച്ച അതിരുകൾ നിശ്ചയിക്കുകയും ചെയ്യുന്ന മാതാപിതാക്കളാണ് വേണ്ടത്. അതുപോലെ മാതാപിതാക്കളുടെ ഓരോ തിരുത്തലിനെയും എതിർക്കുന്ന മക്കളല്ല വേണ്ടത്. ചോദിക്കാൻ അറിയുകയും, ചിന്തിക്കാൻ അറിയുകയും, തെറ്റ് സമ്മതിക്കാൻ തയ്യാറാകുകയും, തിരുത്തൽ സ്വീകരിക്കുകയും ചെയ്യുന്ന മക്കളാണ് വേണ്ടത്. കുടുംബത്തിൽ അധികാരം മാത്രം പോരാ. സ്നേഹം വേണം. സ്നേഹം മാത്രം പോരാ. ശിക്ഷണം വേണം. ശിക്ഷണം മാത്രം പോരാ. സംഭാഷണം

വേണം. സംഭാഷണം മാത്രം പോരാ. ദൈവവചനത്തിന്റെ അടിസ്ഥാനം വേണം.

ഒരു അവസാന ചിന്ത

നാളെ നമ്മുടെ മക്കൾ നമ്മോട് ചോദിച്ചേക്കാം: "അമ്മേ, അപ്പാ, നിങ്ങൾ എനിക്ക് എന്താണ് തന്നത്?"

അപ്പോൾ നമ്മുടെ ഉത്തരം പണം, വീട്, സ്വത്ത്, വിദ്യാഭ്യാസം എന്നിവയിൽ മാത്രം ഒതുങ്ങരുത്.

നമുക്ക് പറയാൻ കഴിയണം:

"മകനേ, മകളേ, നിന്നെ സ്നേഹിക്കാൻ ഞങ്ങൾ പഠിപ്പിച്ചു.

നീ തെറ്റിയപ്പോൾ നിന്നെ തിരുത്താനും പഠിപ്പിച്ചു.

നിനക്ക് ലോകത്തിൽ നടക്കാനുള്ള വിദ്യാഭ്യാസം നൽകി;

അതോടൊപ്പം ദൈവത്തിന്റെ വഴിയിൽ നടക്കാനും പഠിപ്പിച്ചു.

നീ വീണപ്പോൾ കൈപിടിച്ചു;

തെറ്റിയപ്പോൾ തിരുത്തി;

നിരാശപ്പെട്ടപ്പോൾ പ്രാർത്ഥിച്ചു;

നിന്റെ ഭാവി ദൈവത്തിന്റെ കയ്യിൽ ഏൽപ്പിച്ചു."

കാരണം മക്കൾക്ക് നൽകാവുന്ന ഏറ്റവും വലിയ സമ്പത്ത് ബാങ്കിലെ പണമല്ല.

ജീവിതത്തിൽ ശരിയായ തീരുമാനങ്ങൾ എടുക്കാനുള്ള ജ്ഞാനം,

തെറ്റിൽനിന്ന് തിരിഞ്ഞുവരാനുള്ള വിനയം,

ദൈവത്തിൽ ആശ്രയിക്കാനുള്ള വിശ്വാസം,

ശരിയായ വഴിയിൽ നടക്കാനുള്ള ശിക്ഷണം

ഇവയാണ് യഥാർത്ഥ സമ്പത്ത്.

"മാതാപിതാക്കൾ ശിക്ഷിക്കാൻ മറക്കരുത്; മക്കൾ ശിക്ഷണം നിരസിക്കരുത്. സ്നേഹത്തോടെ നൽകുന്ന ദൈവിക ശിക്ഷണം ഒരു ജീവിതത്തെ തകർക്കുകയല്ല അതിനെ പണിയുകയാണ്.'

AGIFNA 2027 ഫ്ളോറിഡ കോൺഫറൻസ് രജിസ്ട്രേഷൻ ആരംഭിച്ചു



ന്യൂയോർക്ക്: അസംബ്ലീസ് ഓഫ് ഗോഡ് ഇന്ത്യ ഫെലോഷിപ്പ് ഓഫ് നോർത്ത് അമേരിക്കയുടെ (AGIFNA) 2027 ൽ ഫ്ളോറിഡയിൽ നടക്കുന്ന ദേശീയ കോൺഫറൻസിന്റെ രജിസ്ട്രേഷൻ കിക്കോഫ് ന്യൂയോർക്കിൽ നടന്നു. കോൺഫറൻസ് നാഷണൽ കൺവീനർ പാസ്റ്റർ യോഹന്നാൻ പണിക്കർ, അസംബ്ലീസ് ഓഫ് ഗോഡിലെ സീനിയർ ശുശ്രൂഷകനും ആദ്യ കോൺഫറൻസ് കൺവീനറുമായ പാസ്റ്റർ കെ.പി. ടൈറ്റസിൽ നിന്ന് ആദ്യ രജിസ്ട്രേഷൻ സ്വീകരിച്ചു.പാസ്റ്റർ രാജൻ ഫിലിപ്പ് പ്രാർത്ഥന നയിച്ചു.

AGIFNAയുടെ ആദ്യ കോൺഫറൻസിന് തുടക്കം കുറിച്ച അതേ പട്ടണത്തിൽ, ആദ്യ കോൺഫറൻസ് കൺവീനറിൽ നിന്ന് 2027-ലെ കോൺഫറൻസിലേക്കുള്ള ആദ്യ രജിസ്ട്രേഷൻ സ്വീകരിക്കാനായത് ചരിത്രപരമായ തുടക്കമായി. വരാനിരിക്കുന്ന ഫ്ളോറിഡ കോൺഫറൻസിന്റെ ഒരുക്കങ്ങൾക്ക് ഈ ചടങ്ങ് ആവേശകരമായ തുടക്കം കുറിച്ചു.

ഫ്ളോറിഡയിലെ മാരിയറ്റ് കോറൽ സ്പ്രിങ്സ് ഹോട്ടൽ & കൺവൻഷൻ സെന്ററിൽ വിപുലമായ ക്രമീകരണങ്ങളോടെയാണ് 2027- ജൂലൈ 29 മുതൽ ആഗസ്റ്റ് 1 വരെ കോൺഫറൻസ് നടക്കുന്നത്. Cross Over to Take Over എന്നതാണ് മുഖ്യചിന്താവിഷയം.

കോൺഫറൻസിനോടനുബന്ധിച്ച് ഈ വർഷത്തെ പ്രത്യേക ആകർഷണമായി മയാമിയിൽ നിന്ന് ബഹാമാസിലേക്ക് ഫെയ്ത്ത് ഹോളിഡേയ്സുമായി സഹകരിച്ച് ക്രൂസ് ഒരുക്കിയിട്ടുണ്ട്. ആഗസ്റ്റ് 2 മുതൽ 6 വരെ നാല് രാത്രികൾ പ്രത്യേക ക്രൂസ് കപ്പലിൽ കടലിൽ ചെലവഴിക്കുന്നതിനുള്ള ക്രമീകരണങ്ങളാണ് സംഘാടകർ ഒരുക്കിയിരിക്കുന്നത്.

രജിസ്ട്രേഷൻ കിക്കോഫ് സമ്മേളനത്തിൽ കോൺഫറൻസ് നാഷണൽ സെക്രട്ടറി പാസ്റ്റർ ജോർജ് വി. എബ്രഹാം കോൺഫറൻസിന്റെ വിവിധ ക്രമീകരണങ്ങളും പരിപാടിയുടെ വിശദാംശങ്ങളും വിശദീകരിച്ചു.

സമ്മേളനത്തിൽ നാഷണൽ ജോയിന്റ് സെക്രട്ടറി ബ്രദർ ജോർജ് മത്തായി, ന്യൂയോർക്ക് നാഷണൽ റെപ്രസന്റേറ്റീവുമാരായ ജോമോൻ വർഗീസ്, വി.കെ. ജേക്കബ്, ന്യൂജേഴ്സി നാഷണൽ റെപ്രസന്റേറ്റീവ് ജോൺ ഫിലിപ്പ്, കണക്റ്റിക്കട്ട് നാഷണൽ റെപ്രസന്റേറ്റീവ് സന്തോഷ് എബ്രഹാം എന്നിവർ സന്നിഹിതരായിരുന്നു.

കോൺഫറൻസിന്റെ വിജയകരമായ നടത്തിപ്പിനാവശ്യമായ പിന്തുണ ഉറപ്പാക്കുന്നതിന്റെ ഭാഗമായി സ്പോൺസർഷിപ്പ് സംബന്ധിച്ച തീരുമാനങ്ങളും സമ്മേളനത്തിൽ പ്രഖ്യാപിച്ചു. ജോസ് എബ്രഹാം ഡയമണ്ട് സ്പോൺസറായും, ജോർജ് മത്തായിയും വി.കെ. ജേക്കബും ഗോൾഡ് സ്പോൺസർമാരായും സഹകരിക്കാനുള്ള സന്നദ്ധത അറിയിച്ചു.

രജിസ്ട്രേഷൻ കിക്കോഫോടെ 2027-ലെ AGIFNA കോൺഫറൻസിനായുള്ള ഒരുക്കങ്ങൾക്ക് ഔദ്യോഗിക തുടക്കമായി. ആത്മീയ കൂട്ടായ്മയ്ക്കും സഭകളുടെ സൗഹൃദത്തിനും ശുശ്രൂഷാ ദർശനങ്ങളുടെ പങ്കുവെക്കലിനും വേദിയാകുന്ന കോൺഫറൻസിനായി വിപുലമായ ഒരുക്കങ്ങളാണ് നടന്നു വരുന്നത്.

പാസ്റ്റർ യോഹന്നാൻ പണിക്കർ (നാഷണൽ കൺവീനർ) പാസ്റ്റർ ജിമ്മി തോമസ് (നാഷണൽ ജോയിന്റ് കൺവീനർ) പാസ്റ്റർ ജോർജ് വി.എബ്രഹാം (നാഷണൽ സെക്രട്ടറി) ബ്രദർ ജോർജ് മത്തായി (നാഷണൽ ജോയിന്റ് സെക്രട്ടറി) ബ്രദർ ബെൻസൻ മാത്യു (നാഷണൽ ട്രഷറാർ) സിസ്റ്റർ ഷേർളി വർഗീസ് (നാഷണൽ ലേഡീസ് കോർഡിനേറ്റർ) ടൈറ്റസ് & ലിൻസ എബനേസർ (ഇംഗ്ലീഷ് സെക്ഷൻ കോർഡിനേറ്റർമാർ) പാസ്റ്റർ തോമസ് വർഗീസ് (നാഷണൽ എക്സിക്യൂട്ടീവ് അഡ്വൈസർ) എന്നിവരുടെ നേതൃത്വത്തിൽ ക്രമീകരണങ്ങൾ ചെയ്തു വരുന്നു.


പുഞ്ചിരിക്കുന്ന
യാത്രകൾക്കായി
UAE VISA
SERVICES
GLOBAL
VISA
ASSISTANCE
HOLIDAY
PACKAGES
TICKETING
SERVICE
UAE & GLOBAL
NO.1
VISA SERVICE
PROVIDER
ഞങ്ങളുടെ സേവനങ്ങൾ
എയർലൈൻ ടിക്കറ്റിംഗ്
ഹോട്ടൽ ബുക്കിംഗ്
ട്രാവൽ ഇൻഷുറൻസ്
വിസ സർവ്വീസ്
അവധിക്കാല പാക്കേജുകൾ
ബിസിനസ് യാത്ര
പാസ്പോർട്ട് സർവ്വീസ്
ട്രെയിൻ ടിക്കറ്റിംഗ്
ബസ് ടിക്കറ്റിംഗ്
റെന്റ് കാർ
ഹജ്ജ് & ഉംറ സേവനങ്ങൾ
സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ
Alfaline Travels Pvt.Ltd.
1st Floor, Kacherackal Utility Mall, Vennikulam
+91 4692 66 55 44
ALFALINE
ALFALINE TRAVELS PVT.LTD.
Sharjah UAE
+971 55 711 2661
+971 50 371 2662
Vennikulam Kerala
+91 70 25 55 44 33
+91 98 47 62 2119
info@alfalinetravels.com
FLY WITH A SMILE
www.alfalinetravels.com

03 കവർ സ്റ്റോറി: പശ്ചിമേഷ്യൻ സംഘർഷവും...

ങ്ങൾ പല ജി.സി.സി രാജ്യങ്ങളിലും സ്ഥിതിചെയ്യുന്നുണ്ട്. ബഹ്റൈൻ യുഎസ് നേവിയുടെ അഞ്ചാംക്കപ്പൽപ്പടയുടെ ആസ്ഥാനമായി പ്രവർത്തിക്കുമ്പോൾ,അമേരിക്കയ്ക്ക്പുറത്തുള്ളഅവരുടെഏറ്റവും വലിയ സൈനികതാവളങ്ങളിലൊന്നായ അൽ ഉദൈദ് എയർബേസ് ഖത്തറിലാണുള്ളത്. ഗൾഫ്സർക്കാരുകൾ പരസ്യമായി സംയമനം പാലിക്കാൻ ആവശ്യപ്പെടുമ്പോൾ പോലും, അവരുടെ വ്യോമപാതയും രഹസ്യാന്വേഷണശൃംഖലകളും ലോജിസ്റ്റിക് പിന്തുണയും അമേരിക്കൻയിസ്രായേൽ നീക്കങ്ങളെ പരോക്ഷമായി സഹായിക്കുന്നുണ്ടെന്ന് ഇറാൻ വിശ്വസിക്കുന്നു. അതിനാൽ, ടെഹ്റാന്റെ കാഴ്ചപ്പാടിൽ ഗൾഫ് രാജ്യങ്ങൾ വാഷിംഗ്ടണുമായി ചേർന്നുനിൽക്കുന്ന ഒരു വലിയ സൈനികതന്ത്രത്തിന്റെ ഭാഗമാണ്.

മേഖലയിലെ മാറിക്കൊണ്ടിരിക്കുന്ന നയതന്ത്രസാഹചര്യങ്ങളാണ് മറ്റൊരു സംഘർഷ കാരണം. 2020ലെ അബ്രഹാം ഉടമ്പടി യിസ്രായേലും യുഎഇയും ബഹ്റൈനും തമ്മിലുള്ള ബന്ധം സാധാരണനിലയിലാക്കി. സൗദി അറേബ്യയെപ്പോലെയുള്ള മറ്റ് ഗൾഫ് രാജ്യങ്ങൾ ഔദ്യോഗികമായി ഈ കരാറിൽ പങ്കുചേർന്നിട്ടില്ലെങ്കിലും, അമേരിക്കൻ നേതൃത്വത്തിൽ യിസ്രായേലുമായി ചേർന്ന് മേഖലയിൽ രൂപപ്പെടുന്ന ഒരു തന്ത്രപരമായ ക്രമീകരണത്തിന്റെ ഭാഗമായാണ് ഇറാൻ ഈ നീക്കങ്ങളെ വ്യാഖ്യാനിക്കുന്നത്.

ഗൾഫ് സർക്കാരുകൾ പൊതുവേദികളിൽ പലപ്പോഴും പലസ്തീൻ വിഷയത്തിന് പിന്തുണ പ്രഖ്യാപിക്കാറുണ്ട്. എന്നാൽ ഇറാന്റെ കാഴ്ചപ്പാടിൽ ഇത് കാപട്യമാണ് ഗൾഫ് രാജ്യങ്ങൾ പലസ്തീനെക്കുറിച്ച് സംസാരിക്കുമ്പോഴും, ഒരേസമയം യിസ്രായേലുമായും അമേരിക്കയുമായും തങ്ങളുടെ സുരക്ഷാസാമ്പത്തികബന്ധങ്ങൾ ശക്തിപ്പെടുത്തുകയാണെന്ന് ഇറാൻ വാദിക്കുന്നു. മേഖലയിലെ നിഴൽയുദ്ധരാഷ്ട്രീയവും ഈ സാഹചര്യത്തെ കൂടുതൽ സങ്കീർണ്ണമാക്കുന്നു. ലെബനനിലെ ഹിസ്ബുള്ള, പലസ്തീനിലെ ഹമാസ്, യെമനിലെ ഹൂതി പ്രസ്ഥാനം എന്നിവയുൾപ്പെടെ പശ്ചിമേഷ്യയിലുടനീളമുള്ള രാഷ്ട്രീയ സായുധ പ്രസ്ഥാനങ്ങളുടെ ഒരു ശൃംഖലയെ ഇറാൻ പിന്തുണയ്ക്കുന്നുണ്ട്. സൗദിഅറേബ്യയും യുഎഇയും ഉൾപ്പെടെയുള്ള പല ജിസിസി രാജ്യങ്ങളും ഈ ഗ്രൂപ്പുകളെ തങ്ങളുടെ സുരക്ഷയ്ക്ക് ഭീഷണിയായാണ് കാണുന്നത്. സൗദി നേതൃത്വത്തിൽ യെമനിൽ നടന്ന യുദ്ധവും ഹൂതികളുമായുള്ള സംഘർഷങ്ങളും സമീപസമയത്ത് ഗൾഫ് മണ്ണിലേക്ക് മിസൈൽ, ഡ്രോൺ ആക്രമണങ്ങൾ എത്തുന്നതിന് കാരണമായിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ, ഗൾഫ് അടിസ്ഥാന സൗകര്യങ്ങൾക്കെതിരെയുള്ള ഇറാന്റെ ആക്രമണങ്ങളോ ഭീഷണികളോ കേവലം അമേരിക്കൻ യിസ്രായേൽ സൈനിക നീക്കങ്ങൾക്കുള്ള നേരിട്ടുള്ള പ്രതികരണം എന്നതിലുപരി, മേഖലയിലെ സ്വാധീന മുറപ്പിക്കാനുള്ള വിപുലമായ മത്സരത്തിന്റെ ഭാഗമായി കൂടി കാണാവുന്നതാണ്.

ജി.സി.സി രാജ്യങ്ങളെ സംബന്ധിച്ചിടത്തോളം ഇതിലെ സാമ്പത്തിക താൽപ്പര്യങ്ങൾ വളരെ വലുതാണ്. ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഊർജ്ജ കയറ്റുമതി മേഖലകളിലൊന്നാണ് ഇവയെല്ലാം ചേർന്നാൽ രൂപപ്പെടുന്നത്. പല ഗൾഫ് രാജ്യങ്ങളിലും പൊതുവരുമാനത്തിന്റെ വലിയൊരു പങ്കും ഇപ്പോഴും എണ്ണ, വാതക വരുമാനത്തിൽ നിന്നാണ്. ചിലയിടങ്ങളിൽ ഇത് സർക്കാർ വരുമാനത്തിന്റെ 90 ശതമാനത്തോളം വരും.ലോകത്തിലെതന്നെ ഏറ്റവും വലിയ കുടിയേറ്റ ആവാസ കേന്ദ്രങ്ങളിലൊന്നാണ് ഗൾഫ് മേഖല. 30 ദശലക്ഷത്തിലധികം വിദേശ തൊഴിലാളികളാണ് ജി.സി.സി രാജ്യങ്ങളിൽ താമസിക്കുകയും ജോലി ചെയ്യുകയും ചെയ്യുന്നത്. ഇതിൽ വലിയൊരു പങ്കും ദക്ഷിണേഷ്യയിൽ നിന്നും തെക്കുകിഴക്കൻ ഏഷ്യയിൽ നിന്നുമുള്ളവരാണ്. ഗൾഫ് മേഖലയിലുടനീളമായി ഏകദേശം 90 ലക്ഷം മുതൽ ഒരുകോടി വരെ ഇന്ത്യക്കാരുണ്ട്. ഇതിൽ 70 ലക്ഷത്തിലധികം പേർ യുഎയിലും സൗദി അറേബ്യയിലുമായിട്ടാണ് കഴിയുന്നത്. യുഎഇയിൽ ഏകദേശം 43 മുതൽ 44 ലക്ഷം വരെ ഇന്ത്യക്കാരുള്ളപ്പോൾ സൗദി അറേബ്യയിൽ ഇത് ഏകദേശം 26 ലക്ഷത്തോളമാണ്. ഈ പ്രവാസി സമൂഹത്തിന്റെ ഒരു പ്രധാന ഭാഗം മലയാളികളാണ്. കേരളത്തിൽ നിന്നുള്ള ഏകദേശം 30 മുതൽ 35 ലക്ഷം വരെ ആളുകൾ ഗൾഫിൽ താമസിക്കുകയും ജോലി ചെയ്യുകയും ചെയ്യുന്നുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. ഇതിൽ 13 മുതൽ 17 ലക്ഷം വരെ പേർ യുഎഇയിലും പത്തുലക്ഷത്തിനടുത്ത് ആളുകൾ സൗദി അറേബ്യയിലുമുണ്ട്. ഈ പ്രവാസികൾ ഓരോ വർഷവും വൻതോതിലുള്ള തുകയാണ് നാട്ടിലേക്ക് അയക്കുന്നത്. കേരളത്തിന്റെ സമ്പദ്വ്യവസ്ഥയുടെ വലിയൊരു ഭാഗം ഗൾഫിൽ നിന്നുള്ള ഈ പണത്തെ ആശ്രയിച്ചാണ് നിലനിൽക്കുന്നത്. ചില വർഷങ്ങളിൽ സംസ്ഥാനത്തിന്റെ വരുമാനത്തിന്റെ 20 മുതൽ 25 ശതമാനം വരെ സംഭാവന ചെയ്യുന്നത് ഈ തുകയാണ്. ഇത് പ്രതിവർഷം പതിനായിരക്കണക്കിന് കോടി രൂപ വരും.

കുടിയേറുന്നതിനായി വലിയ തുക കടം വാങ്ങിയവർ പലപ്പോഴും ഭൂമി വിറ്റോ റിക്രൂട്ട്മെന്റ് ഫീസ് അടയ്ക്കാൻ വായ്പ എടുത്തോ എത്തിയവർ ഇത്തരം സാഹചര്യങ്ങളിൽ കൂടുതൽ ദുർബലരാണ്. ഏതാനും മാസത്തെ ശമ്പളം തടസ്സപ്പെടുന്നത് പോലും നാട്ടിലെ അവരുടെ കുടുംബങ്ങളെ വലിയ സാമ്പത്തിക പ്രതിസന്ധിയിലേക്ക് തള്ളിവിട്ടേക്കാം. ഈ പ്രതിസന്ധിയുടെ മറ്റൊരു നിർണ്ണായക വശം വിദേശത്തുനിന്നുള്ള പണമയക്കലാണ്. സംഘർഷം നിലനിൽക്കുന്ന സാഹചര്യത്തിൽ, ഒരു മുൻകരുതൽ എന്ന നിലയിൽ പ്രവാസികൾ നാട്ടിലേക്ക് കൂടുതൽ പണമയക്കാൻ സാധ്യതയുണ്ട്. തൊഴിലാളികൾ തങ്ങളുടെ സമ്പാദ്യമെല്ലാം നാട്ടിലേക്ക് മാറ്റുന്നതിലൂടെ കുടുംബങ്ങൾക്ക് ലഭിക്കുന്ന പണത്തിൽ താൽക്കാലികമായി ഒരു വർദ്ധനവ് ഉണ്ടായേക്കാം. എന്നാൽ സംഘർഷം നീണ്ടുനിൽക്കുകയും സാമ്പത്തിക പ്രവർത്തനങ്ങൾ മന്ദഗതിയിലാവുകയും ചെയ്താൽ ഈ സാഹചര്യം മാറും. ജോലി നഷ്ടപ്പെടുന്നതോ, ശമ്പളം വെട്ടിക്കുറയ്ക്കുന്നതോ, കരാറുകൾ റദ്ദാക്കപ്പെടുന്നതോ ഒക്കെ നാട്ടിലേക്കുള്ള പണത്തിന്റെ ഒഴുക്ക് ഗണ്യമായി കുറയ്ക്കാൻ ഇടയാക്കും. പണമയക്കൽ എന്നത് കുടുംബവരുമാനത്തിന്റെയും ഉപഭോഗത്തിന്റെയും ആധാരശിലയായി നിലകൊള്ളുന്ന കേരളത്തെ സംബന്ധിച്ചിടത്തോളം, അത്തരമൊരു ഇടിവ് റിയൽ എസ്റ്റേറ്റ് വിപണി, വ്യാപാര മേഖല, പ്രാദേശിക തൊഴിലവസരങ്ങൾ എന്നിവയെ സാരമായി ബാധിക്കും.

ചുരുക്കത്തിൽ കേരളത്തെയും ഇന്ത്യയെയും സംബന്ധിച്ചിടത്തോളം ഈ യുദ്ധം വെറുമൊരു ഭൗമരാഷ്ട്രീയ പ്രതിസന്ധിയെക്കാളേറെ വലിയ സാമൂഹിക സാമ്പത്തിക പ്ര

22

THE INDIA PENTECOSTAL CHURCH OF GOD
ATLANTA

ATLANTA IPC

545 Rock Springs Road
Lawrenceville, GA 30043



Rev. Dr. Cherian C. Daniel

Schedule of Service

SUNDAY WORSHIP
9:00 am to 11:00am

SUNDAY SCHOOL
8:30 am to 9:00am

SATURDAY
Bible study 7:30 pm

LAST SATURDAY
PYPA 7:30 pm to 9:00 pm

FASTING PRAYER
Friday 10:30 am to 12:00 pm

FIRST SATURDAY
Ladies meeting 10:30am to 12:00pm

Come Worship With us

Pastor Dr. Cherian C Daniel
(470) 907-9051

ABRAHAM THOMAS
Secretary
RAJAN ARIYAPALLIL
Treasurer

ചുമതലയേറ്റു



ചർച്ച് ഓഫ് ഗോഡ് തമിഴ്നാട് സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് ബിഷപ്പായി Rev. A Jhake (ജാക്കി) ചുമതലയേറ്റു.

ചർച്ച് ഓഫ് ഗോഡ് സൗത്ത് ഏഷ്യൻ റീജിയണൽ സൂപ്രണ്ട് റവ. ഡോ സി സി തോമസ് നിയോഗ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. ഡിസ്ട്രിക്റ്റ് പാസ്റ്റർ, കൗൺസിൽ അംഗം, ഗവേണിംഗ് ബോഡി അംഗം, ബൈബിൾ കോളേജ് രജിസ്ട്രാർ, എഡ്യൂക്കേഷൻ ഡയറക്ടർ എന്നീ നിലയിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

കന്യാകുമാരി ജില്ലയിലെ അരുമന സ്വദേശിയാണ്. കോയമ്പത്തൂർ സഭയുടെ സീനിയർ പാസ്റ്റർ ആണ്. തിരുവല്ല ഐ സി റ്റി എസ് പൂർവ്വവിദ്യാർത്ഥി ആണ്. നിയുക്ത ഓവർസിയർ പാസ്റ്റർ ജെയ്ക്കിനും സ്ഥാനമൊഴിഞ്ഞ ഓവർസിയർ പാസ്റ്റർ എബനേസർ സെൽവരാജിനും അഭിനന്ദങ്ങൾ.

02 എഡിറ്റോറിയൽ

ഒരു സാധാരണ പൗരൻ തട്ടിപ്പുകളിൽ നിന്ന് എത്രത്തോളം സംരക്ഷിക്കപ്പെടുന്നു എന്നതും വികസനത്തിന്റെ അളവുകോലുകളാണ്. കൊലപാതകങ്ങൾക്കെതിരെ നിയമത്തിന്റെ ശക്തി വേണം. ആത്മഹത്യകൾക്കെതിരെ കരുതലിന്റെ സംസ്കാരം വേണം. തട്ടിപ്പുകൾക്കെതിരെ അറിവിന്റെയും ജാഗ്രതയുടെയും ശക്തി വേണം.കേരളത്തിന് ഇന്ന് ആവശ്യം കുറ്റകൃത്യങ്ങളെ എണ്ണുന്ന ഒരു സമൂഹം മാത്രമല്ല; കുറ്റകൃത്യങ്ങളുടെ സാമൂഹിക വേരുകൾ തിരിച്ചറിഞ്ഞ് അവയെ പ്രതിരോധിക്കുന്ന ഒരു സമൂഹമാണ്.

ഇതെല്ലാം സമൂഹത്തിന്റെ സുരക്ഷിതത്വബോധത്തെ ചോദ്യം ചെയ്യുന്ന വിധത്തിൽ ചർച്ചയാകുകയാണ്. ഓരോ സംഭവവും ഒരു വാർത്ത മാത്രമല്ല; ഒരു കുടുംബത്തിന്റെ തകർച്ചയും ഒരു സമൂഹത്തിന്റെ ആത്മപരിശോധനയ്ക്കുള്ള വിളിയുമാണ്.കേരളത്തിന് ഇന്ന് ആവശ്യം ഭയത്തിന്റെ സംസ്കാരമല്ല; ഉത്തരവാദിത്തമുള്ള ഒരു സമൂഹത്തിന്റെ പുനർനിർമ്മാണമാണ്. മനുഷ്യജീവന്റെ വില തിരിച്ചറിയുന്നിടത്താണ് യഥാർത്ഥ സാമൂഹിക പുരോഗതി ആരംഭിക്കുന്നത്.

18 കവർ സ്റ്റോറി: പശ്ചിമേഷ്യൻ സംഘർഷവും...

ത്യാഘാതങ്ങൾ ഉണ്ടാക്കുന്ന ഒന്നാണ്. ദശലക്ഷക്കണക്കിന് കുടുംബങ്ങൾ നേരിട്ടോ അല്ലാതെയോ ഗൾഫ് കുടിയേറ്റ വ്യവസ്ഥയെ ആശ്രയിച്ചാണ് കഴിയുന്നത്. ഈ മേഖലയിലുണ്ടാകുന്ന ദീർഘകാല തടസ്സങ്ങൾ കുടിയേറ്റ പ്രവാഹത്തെയും പണമയക്കൽ രീതികളെയും വരും വർഷങ്ങളിലെ തൊഴിൽ വസരങ്ങളെയും മാറ്റിമറിച്ചേക്കാം. അമേരിക്കയും യിസ്രായേലും ഇറാനും തമ്മിലുള്ള ഈ യുദ്ധം മേഖലയ്ക്കപ്പുറം വലിയ വെല്ലുവിളികൾ ഉയർത്തുന്നു. ഗൾഫ്സമ്പദ്വ്യവസ്ഥ കെട്ടിപ്പടുത്ത പ്രവാസികളുടെ ദൈനംദിന ജീവിതത്തെയും ആ മേഖലയിലെ അരക്ഷിതാവസ്ഥയുമായി ബന്ധപ്പെട്ടു കിടക്കുന്ന അവരുടെ ഭാവി ജീവിതത്തെയുമാണ് ഇത് ബാധിക്കുന്നത്.

ദൈവസഭ 95-ാമത് ജനറൽ കൺവൻഷൻ

ഡിസംബർ 23 മുതൽ 27 വരെ കലയപുരത്തു

പാസ്റ്റർ ജോൺസൺ ഇടയാറന്മുള
പബ്ലിസിറ്റി കൺവീനർ

കലയപുരം: ദൈവസഭയുടെ തൊണ്ണൂറ്റി അഞ്ചാമത് ജനറൽ കൺവെൻഷൻ ഡിസംബർ 23 മുതൽ 27 വരെ കലയപുരത്തുവെച്ച് നടക്കും. 23 ബുധനാഴ്ച വൈകുന്നേരം ദൈവസഭ പ്രസിഡന്റ് പാസ്റ്റർ പി. ജോർജ്ജ് ഫിലിപ്പ് കൺവെൻഷന്റെ സമർപ്പണ ശുശ്രൂഷ നിർവ്വഹിക്കും. സുവിശേഷകന്മാർക്കുള്ള സെമിനാറുകൾ, ബൈബിൾ ക്ലാസ്സുകൾ, സണ്ഡേ സ്കൂൾ സി. വൈ.പി.ഇ. സോദരി സമാജം വാർഷികങ്ങൾ. സുവിശേഷ വേലക്കാരുടെ സമ്മേളനം, ജനറൽ ബോഡി എന്നിവ വിവിധ ദിവസങ്ങളിലെ പകൽ നടക്കും. വൈകുന്നേരം 6 മുതൽ 9 വരെ പൊതുയോഗം ഉണ്ടായിരിക്കും. ഇതിൽ പാസ്റ്റർ ബിനു ചാരുതയോടെ നേതൃത്വത്തിലുള്ള ദൈവസഭ ക്വയർ സംഗീത ശുശ്രൂഷകൾ നിർവഹിക്കും. അനുഗ്രഹീതരായ ദൈവദാസന്മാർ ദൈവ വചനം ശുശ്രൂഷിക്കും. സമാപന ദിവസമായ ഞായറാഴ്ച രാവിലെ സ്നാന ശുശ്രൂഷയും ഉണ്ടായിരിക്കും. അന്നേ ദിവസം സഭകളുടെ സംയുക്ത സഭായോഗത്തോടെ കൺവെൻഷൻ സമാപിക്കും. ദൈവസഭ പ്രസിഡന്റ് ജനറൽ കൺവീനർ ആയി വിപുലമായ കമ്മിറ്റിയും ഇതിന്റെ ക്രമീകരണങ്ങൾക്കായി പ്രവർത്തിച്ചു വരുന്നു.

14 അഭിപ്രായസ്വാതന്ത്ര്യത്തിന്റെ നാഴികക്കല്ല്....

ത്തെയും സ്വകാര്യതയെയും ഹനിക്കുന്ന പോസ്റ്റുകളുമിന്ന് സോഷ്യൽ മീഡിയാകളിൽ സജീവമാണ്. അശ്ലീലതയുടെ ചുവപ്പുഭാണ്ഡവുമായാണ് പല ഓൺലൈൻ മാധ്യമങ്ങളും നിലനിൽക്കുന്നത്. പക്ഷെ ഇത്തരത്തിലുള്ള നിയമ നിഷേധങ്ങളെ നേരിടാൻ രാജ്യത്തു പര്യാപ്തമായ നിയമങ്ങളുണ്ടെന്നുള്ളത് യാഥാർഥ്യമാണ്. കുറ്റക്കാർക്കെതിരേ അത്തരം നിയമങ്ങൾ പ്രയോഗിക്കുന്നതോടൊപ്പം ഇന്ന് പത്രമാധ്യമങ്ങൾ വെച്ചുപുലർത്തുന്ന സ്വയംനിയന്ത്രണ തത്വത്തിലേക്ക് നവ മാധ്യമങ്ങളിൽ സജീവമാകുന്നവർ ഉയരേണ്ടതുമുണ്ട്. ജനാധിപത്യത്തിന്റെ കാവലായി മാത്രമല്ല, സഹിഷ്ണുത കാണിക്കുന്നതിലും സ്ത്രീയുടെ അഭിമാനവും സുരക്ഷയും ഉയർത്തിപ്പിടിക്കുന്നതിലും ശ്രദ്ധിക്കേണ്ടതുണ്ട്. കോടതിവിധിയെ എതിർത്തും അനുകൂലിച്ചും സോഷ്യൽമീഡിയയിൽ അഭിപ്രായം കൊഴുക്കുന്നുണ്ട്. ജനാധിപത്യം നൽകുന്ന ഈ സ്വാതന്ത്ര്യം കാത്തുസൂക്ഷിക്കാൻ സോഷ്യൽ മീഡിയയിൽ വിഹരിക്കുന്നവർക്കും വലിയ ഉത്തരവാദിത്വമുണ്ട്.

01 ശാരോൻ ഫെല്ലോഷിപ്പ് ചർച്ചിന്റെ ...

ഡന്റ്മാർ), പാസ്റ്റർ ജോൺ വി ജേക്കബ് (മാനേജിങ് കൗൺസിൽ ജനറൽ സെക്രട്ടറി), പാസ്റ്റർ ജോസ് ജോസഫ്, പാസ്റ്റർ സാം കെ ജേക്കബ് , (മാനേജിങ് കൗൺസിൽ സെക്രട്ടറിമാർ), പാസ്റ്റർ പി വി ചെറിയാൻ (മിനിസ്റ്റേഴ്സ് കൗൺസിൽ ജനറൽ സെക്രട്ടറി), പാസ്റ്റർ റ്റി സി ചെറിയാൻ, പാസ്റ്റർ കെ വി ഡാനിയേൽകുട്ടി

(മിനിസ്റ്റേഴ്സ് കൗൺസിൽ സെക്രട്ടറിമാർ), ബ്രദർ ബാബു ജോർജ് (ജോ. സെക്രട്ടറി), ബ്രദർ ജേക്കബ് വർഗീസ് (ട്രഷറർ) എന്നിവരെയാണ് തിരഞ്ഞെടുത്തത്.

PENIEL
CHURCH OF GOD
UNITED ARAB EMIRATES

ജോലിക്കും
പഠനത്തിനുമായി
കടന്നു വരുന്നവർക്ക്
ആത്മാവിലും
സത്യത്തിലും
ആരാധിക്കാൻ
ഒരിടം
പെനിയേൽ-
ദൈവീക ഇടപെടലു
കളുടെ സ്ഥലം

Pastor
Gladson Varghese
MINISTERING

ONLINE
DAILY MORNING
4:30 AM
ZOOM : 9744508559
PASSCODE 1234

WORSHIP
SATURDAY 7:30 PM
RAS AL KHAIMAH
SUNDAY 8:00 AM
AJMAN
SUNDAY 11:30 AM
KARAMA DUBAI
SUNDAY 4:00 PM
AJMAN (TAMIL)

www.gladsonv.com
+91 97445 08559
mailme@gladsonv.com
gladsonvk gladsonv



നിത്യതയിൽ

എം വി മത്തായി (94)



കുറ്റ്യാടി: ഐപിസി പേരാമ്പ്ര സെന്റർ മിനിസ്റ്റർ പാസ്റ്റർ എം എം മാത്യുവിന്റെ പിതാവ് ഐപിസി പേരാമ്പ്ര സഭാംഗമായ ചെമ്പനോട മുല്ലശ്ശേരിയിൽ വീട്ടിൽ എം വി മത്തായി (94) നിത്യതയിൽ. സംസ്കാരം ചെമ്പനോട ഐപിസി സഭാ സെമിത്തേരിയിൽ നടന്നു. ഭാര്യ: ഏലിയാമ്മ മത്തായി വേലിക്ക് അകത്ത് കുടുംബാംഗം. മറ്റുമക്കൾ: പാസ്റ്റർ വിൽസൺ മാത്യു (മുംബൈ), പാസ്റ്റർ ജോൺസൺ മാത്യു. (നാസിക്), പാസ്റ്റർ എം എം തോമസ് (മുംബൈ), എം എം അലക്സാണ്ടർ (ജോഷി ചെമ്പനോട), മരുമക്കൾ: ഗ്രേസി വിൽസൺ, ഡെയ്സി ജോൺസൺ, അനി മാത്യു, സുജ തോമസ്, റൂബി അലക്സാണ്ടർ.

സാങ്കി പീറ്റർ

തിരുവല്ല - വളഞ്ഞവട്ടം:



ഗോസ്പൽ ട്യൂണേഴ്സ് സ്ഥാപകനും സംഗീതജ്ഞനുമായ പരേതനായ ജെ. വി. പീറ്ററിന്റെയും ക്രൈസ്തവ ഗായിക നിർമ്മലാ പീറ്ററിന്റെയും മകൻ സാങ്കി പീറ്റർ (46) നിത്യതയിൽ. സംസ്കാരം ആഞ്ഞിലിത്താനം ഐപിസി പെനിയേൽ ചർച്ച് സഭാ സെമിത്തേരിയിൽ നടന്നു. സഹോദരങ്ങൾ: നിനോ ജോസഫ് സൈമൺ, മേഴ്സി എബിൻ.

മാത്യു തോമസ്

(സാബു -52)

പത്തനംതിട്ട: കടമ്മനിട്ട



ഐ.പി.സി കർമ്മേൽ ചാന്തുകാവ് കല്ലുപുറത്ത് വീട്ടിൽ കെ. എസ്. തോമസിന്റെ (കുഞ്ഞിച്ചായൻ) മകൻ മാത്യു തോമസ് (സാബു -52) നിത്യതയിൽ. സംസ്കാരം നടത്തി. ഭാര്യ: തോന്ന്യാമല പാലയ്ക്കത്തറയിൽ ജോബി മാത്യു. മക്കൾ: കെസിയ, ഹെബ്സീബ. മരുമകൻ: അനീഷ്.

പാസ്റ്റർ കെ ജി ശീലാസ്

ഇടുക്കി: ഇന്ത്യ പെന്തകോസ്ത് ദൈവസഭ കമ്പിളികണ്ടം സെന്റിന്റെ മുൻ ശുശ്രൂഷകനും ഇന്ത്യ പെന്തക്കോസ്ത് ദൈവസഭ ആലപ്പുഴ വെസ്റ്റ് സെന്ററിലെ പത്തിയൂർ പെനിയേൽ സഭയിലെ അംഗവുമായ കർത്തൃദാസൻ പാസ്റ്റർ കെ ജി ശീലാസ് (80 വയസ്സ്) നിത്യതയിൽ. കഴിഞ്ഞ ഏതാനും ദിവസങ്ങളായി ശാരീരിക അസ്വസ്ഥതകളെ തുടർന്ന് പരുമല ഹോസ്പിറ്റലിൽ ചികിത്സയിലായിരുന്നു. കർത്തൃദാസന്റെ സഹധർമ്മിണിയും നിലവിൽ ശാരീരികമായി വളരെ ബലഹീനമായ അവസ്ഥയിലാണ്. സംസ്കാരം നടത്തി.



ചെറിയാൻ ഫിലിപ്പ്

(കുഞ്ഞൂട്ടിച്ചായൻ -85)

കോടുകുളഞ്ഞി: കല്ലുമല ദൈവസഭയിലെ ആരംഭകാല വിശ്വാസിയും വെട്ടുവേലിൽ തെക്കെത്തിൽ കുടുംബാംഗവുമായ റിട്ടയേർഡ് മിൽട്ടറി ഉദ്യോഗസ്ഥൻ ചെറിയാൻ ഫിലിപ്പ് (കുഞ്ഞൂട്ടിച്ചായൻ -85) നിത്യതയിൽ. സംസ്കാരം കോടുകുളഞ്ഞി ദൈവസഭാ സെമിത്തേരിയിൽ നടത്തി. ഭാര്യ : പരേതയായ ലീലാമ്മ മക്കൾ: പരേതയായ അന്നമ്മ, മറിയാമ്മ, പാസ്റ്റർ ഫിലിപ്പ് ചെറിയാൻ (കവുങ്ങും പ്രയാർ ദൈവസഭാശുശ്രൂഷകൻ). മരുമകൾ : ലീനു.



കെ. എസ്. ബേബി (70)



ആയൂർ: ഐപിസി ആയൂർ സെന്ററിൽപെട്ട അമ്പലംകുന്ന് സഭാ സെക്രട്ടറി കണ്ണിമേൽ ബെഥേൽ വീട്ടിൽ കെ. എസ്. ബേബി (70) നിത്യതയിൽ. ഐ പി സി കേരള സ്റ്റേറ്റ് കൗൺസിൽ അംഗവും, പി ജി ബോർഡ് ട്രഷറും, ആയുർ സെൻറർ മുൻ ട്രഷറും ആയിരുന്നു. ഭാര്യ: തൃക്കണ്ണമംഗൽ കടയിൽ ബഥേൽ വീട്ടിൽ മറിയാമ്മ ബേബി. മക്കൾ: റീബ എം ബേബി, റോബിൻ ബേബി. മരുമക്കൾ: ഷിജു ബേബി, ബ്രെറ്റി റോബിൻ. കൊച്ചുമക്കൾ: തിമോത്തി, ഫിലിപ്പ്. സംസ്കാരം കരിക്കത്തുള്ള സെമിത്തേരിയിൽ നടന്നു.

ജോയി വർഗീസ് (78)

തുമ്പമൺ താഴം: കുറുങ്കയിൽ ഹെബ്രോൻ ഭവനിൽ ജോയി വർഗീസ് (78) നിത്യതയിൽ. സംസ്കാരം പിന്നീട്. ഭാര്യ: കുഴിക്കാല പരുതിക്കരയിൽ പൊന്നമ്മ. മക്കൾ: ജോൺസൺ (ഐപിസി കേരള സ്റ്റേറ്റ് കൗൺസിൽ അംഗം), ജോമോൻ (ജപ്പാൻ), ഫേബ. മരുമക്കൾ: സുഷമോൾ, ഷേബ, ഷിബു വാളകം (മസ്കത്ത്). കൊച്ചുമക്കൾ: ജോയൽ, ജോഷ്, തേജസ്, നേഥൻ, ആരോൺ, ഷാരോൺ.



തോമസ് മാത്യു (65)

കൊട്ടാരക്കര: സദാനന്ദപുരം പാലക്കുന്നിൽ പുത്തൻവീട്ടിൽ തോമസ് മാത്യു (65) നിത്യതയിൽ. സംസ്കാരം പനവേലി ഐപിസി സഭാ സെമിത്തേരിയിൽ നടത്തി. ഭാര്യ:



വാളകം മണ്ണാരുകുന്നിൽ ജോയമ്മ മാത്യു, മക്കൾ: ഏബൽ ടി. മാത്യു (എംഡി, കോറിഡ്യൻസ് പ്രൈവറ്റ് ലിമിറ്റഡ്), ജോയൽ ടി. മാത്യു (യുകെ). മരുമകൾ: സ്നേഹ ഏബൽ. മാവേലിക്കര ഐപിസി ശാലേം സഭയുടെ ശുശ്രൂഷകൻ പാസ്റ്റർ അലക്സ് ജോൺ വാളകത്തിന്റെ സഹോദരി ഭർത്താവാണ് തോമസ് മാത്യു.

ക്രിസ്റ്റി ഫിൽ (39)

കൊട്ടാരക്കര: ചർച്ച് ഓഫ്



ഗോഡ് കേരളാ സ്റ്റേറ്റ് ലേഡീസ് ഡിപ്പാർട്ട്മെന്റ് ബോർഡ് അംഗം സിസ്റ്റർ മോളി രാജുവിന്റെ മകളും ദൈവസഭ മ്യൂസിക് ഡയറക്ടർ ബ്രദർ ബോവസ് രാജുവിന്റെ സഹോദരിയുമായ വാറൂർ ഗ്രെയ്സ് വില്ലയിൽ സിസ്റ്റർ ക്രിസ്റ്റി ഫിൽ (39) നിത്യതയിൽ. കൊട്ടാരക്കര പുത്തൂർ ചർച്ച് ഓഫ് ഗോഡ് സഭാംഗമാണ്. സംസ്കാരം നടത്തി.

മേരി (72)

തൃശ്ശൂർ: പട്ടിക്കാട് പാണഞ്ചേരി കോമ്പാറ വീട്ടിൽ പാസ്റ്റർ കെ.ഒ തോമസിന്റെ ഭാര്യ മേരി (72) നിത്യത



യിൽ. സംസ്കാരം കരിപ്പക്കുന്ന് സെമിത്തേരിയിൽ നടത്തി. മക്കൾ: ഇവാ. സന്തോഷ് തോമസ്, സിൽവി. മരുമക്കൾ: ജിബി, ജിയോ.

ഏലിയാമ്മ ജോൺ

(മോനി -71)

ഈങ്ങാപ്പുഴ: കോഴിക്കോട് അടിവാരം ഐപിസി ഗിൽഗാൽ ചർച്ച് സഭാംഗം പുതുപ്പാടി തെങ്ങുംതോട്ടത്തിൽ വീട്ടിൽ ഏലിയാമ്മ ജോൺ (മോനി -71) നിത്യതയിൽ.

നിത്യതയിൽ



സംസ്കാരം ഐപിസി തിരുവമ്പാടി സെന്ററിന്റെ പുതുപ്പാടി സെമിത്തേരിയിൽ നടത്തി. ഐപിസി തിരുവമ്പാടി സെന്റർ മുൻ ശുശ്രൂഷകനായിരുന്ന പരേതനായ പാസ്റ്റർ ടി എം ജോണിന്റെ സഹധർമ്മിണിയാണ്. ഐ പി സി യുടെ ആദ്യകാല ശുശ്രൂഷകനായ പരേതനായ മാമൂട്ടിൽ പാസ്റ്റർ പി ടി ചാക്കോയുടെ (വെട്ടിയാട്ട് ചാക്കോച്ചായൻ) മകളാണ്. മക്കൾ: പാസ്റ്റർ ശമുവേൽ ടി ജോൺ (ബ്ലെസൻ) (ഐപിസി സ്വാൻസി വെയിൽസ് (യുകെ) ചർച്ച് സഭാ ശുശ്രൂഷകൻ), ബ്ലെസ്സി ജോൺ. മരുമക്കൾ: നിമിതാ മാത്യു (യുകെ), രെജു തോമസ്, കൊച്ചുമക്കൾ: എയ്ഡൻ, അക്സ, എയിന, ഏബെൽ.


ഏലിയാമ്മ ജോസഫ് (കുഞ്ഞുമോൾ - 79)

പുതുപ്പള്ളി: കാവാലിച്ചിറ ഐപിസി സഭാംഗം തെക്കേമുറിയിൽ ജോസഫ് തോമസിന്റെ ഭാര്യ ഏലിയാമ്മ ജോസഫ് (കുഞ്ഞുമോൾ - 79) നിത്യതയിൽ. സംസ്കാരം ഐ. പി. സി ഫിലദൽഫിയ, കാവാലച്ചിറ സഭയുടെ സെമിത്തേരിയിലുള്ള കുടുംബ കല്ലറയിൽ നടത്തി. മക്കൾ: മിനി, മെർളിൻ, മാർട്ടിൻ.



മറിയാമ്മ മത്തായി (90)

ചാലക്കര: ഐപിസി കർമ്മേൽ കൊണ്ടാഴി സഭാംഗവും പേക്കുഴിയിൽ പരേതനായ പി.എം. മത്തായിയുടെ ഭാര്യയുമായ മറിയാമ്മ മത്തായി (90) നിത്യതയിൽ മല്ലപ്പള്ളി കോതപ്ലാക്കൽ കുടുംബാംഗമാണ്. സംസ്കാരം സഭാസെമിത്തേരിയിൽ നടത്തി. ദീർഘകാലം തിരുവനന്തപുരം ജില്ലയിലെ ഐപിസി മേഴക്കോട് സഭയിലെ ആദ്യകാല വിശ്വാസികളിൽ ഒരാളായിരുന്നു. ഭർത്താവിനോടൊപ്പം അന്നത്തെ സഭാശുശ്രൂഷകനായിരുന്ന ചെകോട്ട് കുട്ടി ഉപദേശിയോടൊപ്പം മേഴക്കോട് ഐപിസി സഭയുടെ വളർച്ചയ്ക്കായും മറ്റിതര സുവിശേഷ മുന്നേറ്റത്തിനായും ഏറെ പ്രയത്നിച്ചിരുന്നു. തുടർന്ന് 1983 -കളിൽ കുടുംബത്തോടൊപ്പം തൃശ്ശൂർ ജില്ലയിലെ കൊണ്ടാഴിയിലേക്ക് കുടിയേറി. കൊണ്ടാഴിയിലെ സഭാ വളർച്ചയ്ക്കും സുവിശേഷ പ്രവർത്തനങ്ങളിലും സജീവമായിരുന്നു. മക്കൾ: അച്ചാമ്മ (രമേശ്), ശോശാമ്മ (ജോയി), മത്തായി (ഷാന്റി), ഏലിയാമ്മ (ജോയി), അന്നമ്മ (വർഗീസ്), വർഗീസ് (സുമ), ലിസി (പാസ്റ്റർ ജോണിക്കുട്ടി), പാസ്റ്റർ അബ്രഹാം കൊണ്ടാഴി (ഫേബ). ഐപിസി സീനിയർ ശുശ്രൂഷകൻ പാസ്റ്റർ കെ.വി. ഏബ്രഹാം (ഓതറ) സഹോദരനാണ്.



അന്നമ്മ ജോർജ് (97)

പത്തനാപുരം: ഐപിസി മുൻ ജനറൽ പ്രസിഡന്റ് പാസ്റ്റർ ടി.ജി. ഉമ്മന്റെ രണ്ടാമത്തെ മകൾ ഐപിസി പിടവൂർ സഭാംഗമായ പിടവൂർ ബഥേലിൽ അന്നമ്മ ജോർജ് (97) നിത്യതയിൽ. ഭർത്താവ് പരേതനായ ടി.ഐ ജോർജ് (അഞ്ചിരണ്ടിൽ, മണക്കാല). സംസ്കാരം നടത്തി. മക്കൾ: മറിയാമ്മ മാത്യു (ചെന്നൈ), പാസ്റ്റർ എ. ജി സാംകുട്ടി (ബാംഗ്ലൂർ), സൂസമ്മ തോമസ് (ഭിലായ്), ഏബ്രഹാം ജോർജ് (പനമ്പറ്റ), പാസ്റ്റർ ഉമ്മൻ ജോർജ് (പിടവൂർ), മേഴ്സി ജോൺസൺ (മഞ്ഞക്കാല). മരുമക്കൾ: പരേതനായ ജോർജ് മാത്യു (ചെന്നൈ), ഗ്രേസി സാം, പരേതനായ പാസ്റ്റർ പി.സി.തോമസ് (ഭിലായ്), ലിസി ഏബ്രഹാം, കേണൽ ഡെയ്സി മത്തായി (പിടവൂർ), ഇവാ. പി.കെ. ജോൺസൺ. 19 കൊച്ചുമക്കളും 26 കൊച്ചു മക്കളുടെ മക്കളുമുണ്ട്. ഐപിസി സ്റ്റേറ്റ് മുൻ സെക്രട്ടറി പരേതനായ പാസ്റ്റർ ജോർജ് ഉമ്മൻ (പത്തനാപുരം), പരേതനായ പി.ഒ സാമുവേൽ (ബോംബെ), പാസ്റ്റർ പെനിയേൽ ചെറിയാൻ (കാനഡ), ഐപിസി ഹരിയാന സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ എബ്രഹാം ഉമ്മൻ (ബേബികുട്ടി), പരേതയായ മറിയാമ്മ കോശി (ഡൽഹി), പരേതയായ ഏലിയാമ്മ ഈപ്പൻ (എറണാകുളം) എന്നിവർ സഹോദരങ്ങളാണ്.


ഏലിയാമ്മ ജോർജ് (കുഞ്ഞുമോൾ 82)

പിറ്റ്സ്ബർഗ്: കഴിഞ്ഞ ജൂലൈയിൽ ചിക്കാഗോയിൽ വെച്ച് നടന്ന നാല്പതാമത് പിസിനാക് കോൺഫറൻസിന്റെ നാഷണൽ ട്രഷറർ പ്രസാദ് ജോർജിന്റെ മാതാവ് ഏലിയാമ്മ ജോർജ് (കുഞ്ഞുമോൾ 82) പിറ്റ്സ്ബർഗിൽ വെച്ച് നിത്യതയിൽ പ്രവേശിച്ചു. സംസ്കാരം നടത്തി. പരേതനായ ജോർജ് ടി വർഗീസ് ആണ് ഭർത്താവ്. പ്രകാശ് വർഗീസ് പിറ്റ്സ്ബർഗ്, പ്രസാദ് ജോർജ് സി പി എ, കണക്ടിക്കറ്റ് എന്നിവരാണ് മക്കൾ. ലിനു വർഗീസ്, മേരി ജോർജ് എന്നിവർ മരുമക്കളുമാണ്. ബെഞ്ചമിൻ ജോർജ്, പ്രസില്ല ജോർജ്, ജോൺ വർഗീസ്, ആൻഡ്രൂ ജോർജ്, ജോസഫ് വർഗീസ് എന്നിവർ കൊച്ചുമക്കളാണ്. തിരുവല്ല ആഞ്ഞിലിത്താനം ഐപിസി സഭാംഗമായിരുന്ന പരേത മാക്കാട്ടിൽ കുടുംബാംഗമാണ്.



ടി സി മറിയക്കുട്ടി (മറിയക്കുട്ടി ടീച്ചർ 89)

റാന്നി: കണ്ണംമ്പള്ളി ശാരോൻ സഭാംഗം ഉന്നത്താനി കാഞ്ഞിരുത്തട്ടുംമൂട്ടിൽ ഭവനത്തിൽ പരേതനായ കെ സി ചാക്കോയുടെ ഭാര്യ ടി സി മറിയക്കുട്ടി (മറിയക്കുട്ടി ടീച്ചർ 89) നിത്യതയിൽ. കണ്ണംമ്പള്ളി ശാരോൻ സഭയുടെ ആദ്യകാല കുടുംബങ്ങളിൽ ഒന്നാണ് ചാക്കോ സാറിന്റെ കുടുംബം. മക്കൾ: പാസ്റ്റർ സാം കെ ജേക്കബ് (പ്രിൻസിപ്പാൾ ശാരോർ ബൈബിൾ കോളേജ്, കുറ്റപ്പുഴ ശാരോൻ സഭാ ശുശ്രൂഷകൻ), ഷീബ ജോൺസൺ, അനുജേക്കബ് മസ്കറ്റ്, മിനി ഫിലിപ്പ് അബുദാബി. സംസ്ക്കാരം സഭാ സെമിത്തേരിയിൽ നടത്തി.



പൊന്നമ്മ തോമസ് (79)

കാട്ടാക്കട: ന്യൂ ഇന്ത്യാ ദൈവസഭ കേരള സ്റ്റേറ്റ് രക്ഷാധികാരിയും നെയ്യാറ്റിൻകര റീജിയണൽ പാസ്റ്ററുമായ റ്റി. എ. തോമസിന്റെ സഹധർമ്മിണി പൊന്നമ്മ തോമസ് (79) നിത്യതയിൽ. സംസ്ക്കാരം സ്വകാര്യ വസതിക്ക് സമീപം നടത്തി. മക്കൾ: പാസ്റ്റർ ഏബ്രഹാം തോമസ് (U.S.A) ലെനു തോമസ് (U.A.E) റേയ്ച്ചൽ തോമസ് (ലാലി) ലൗലി തോമസ്. മരുമക്കൾ: എം. വി. ഏലിയാസ്, ഡെയ്സി തോമസ് (U.S.A) ഷിജി ലെനു തോമസ്. കൊച്ചുമക്കൾ: ഗ്രേയ്സൻ ഏലിയാസ്, സിലു, ലിയോറ, ആഗ്നസ്, ജോഷ്വാ മാത്യു തോമസ്, ജൻസൻ ഏബ്രഹാം തോമസ്, ജോസഫ് മാത്യു, ശമുവേൽ മാത്യു, ആഷ്ലി ലെനു തോമസ്, ജോഷ്ലി ലെനു തോമസ്.

PUBLISHED ON
2026 SEPTEMBER 25
beljourn@gmail.com
VOL 19, ISSUE 04
RNI. NO. KERMAL/2008/26530

BELIEVERS JOURNAL
CHRISTIAN FORTNIGHTLY

BELIEVERS JOURNAL
Kumbanad P.O.
Thiruvalla - 689 547

beljourn.com/ www.bjournal.org
E-mail: beljourn@gmail.com

A place to worship God in Spirit and Truth

BETHEL PENTECOSTAL ASSEMBLY



Worship Place

2542
Country Club Road
Lucas, TX75002

Church Activities

Bible Class: Sunday 9:30 am to 10:30 am
Worship Service: Sunday 10:30 am to 12:30 pm
Prayer Cell: Tuesday & Friday 7:00 pm
Fasting Prayer: Friday 10 am

Outreach Ministries in Partnership with

Sacred Hands of Hope
INDIAN MINISTRIES
Not to be Served But to Serve







Activities

Ministry Among Homeless
Community Development
Bible College
Orphanage

Rev. Santhosh Podimala



214-929-3370
Post Box No 429, Allen, Texas 75013, USA
sacredhandsofhope@gmail.com
www.sacredhandsofhope.org, www.bpanorthdallas.org
www.facebook.com/sacredhandsofhope

▸Love ▸Hope ▸Freedom